VIII ധനകാര്യം

2015-2016 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട ജലവിഭവ വകപ്പുമന്ത്രി, അങ്ങേയ്ക്ക് ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ബഹുമാനപ്പെട്ട നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകപ്പുമന്ത്രി, അങ്ങേയ്ക്ക് നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ജലവിഭവ വകപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2015-16

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	23-3-2015-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ (രൂപ)
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	
XX	ശുദ്ധജല വിതരണവും ശുചീകരണവും	329,10,65,000	111,72,66,000	658,21,29,000	223,45,34,000	881,66,63,000
XXXVIII	ജലസേചനം	127,81,56,000	148,57,34,000	255,63,11,000	297,14,68,000	552,77,79,000
XXII	നഗരവികസനം	294,52,86,000	18,53,67,000	589,05,73,000	87,07,34,000	626,13,07,000

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങ് XX, XXXVIII, XXII എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഖണ്ഡനോപക്ഷേപത്തിന് നോട്ടീസ് നൽകിയ ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല).

ശ്രീ. വി. ശിവൻകുട്ടി, ശ്രീ. മുല്ലക്കര രത്നാകരൻ, ശ്രീ. തോമസ് ചാണ്ടി, ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), ശ്രീ. കെ. ദാസൻ, ശ്രീ. ചിറ്റയം ഗോപകുമാർ, ശ്രീ. എസ്. ശർമ്മ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ സംസാരിച്ചില്ല

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അടിയന്തരമായി 'ജൻറം പദ്ധതി' പൂർത്തിയാക്കണം. അങ്ങ് അതിന് മുൻകയ്യെടുത്തിട്ടുണ്ട്. പശ്ചിമ കൊച്ചിയുടെ ലാസ്റ്റ് റിസോർട്ടാണ്. അതുകൊണ്ട് 'ജൻറം പദ്ധതി' അടിയന്തരമായി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

(ബഹളത്തെത്തുടർന്ന് ശ്രീ. എം. എ. വാഹീദ്, ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, ശ്രീ. മോൻസ് ജോസഫ്, ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, ശ്രീ. കെ. അച്ചുതൻ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചില്ല)

~~(ബഹളത്തെത്തുടർന്ന്...)~~

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിന് സമീപം വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ജൻറം പദ്ധതി ഉടൻ കമ്മീഷൻ ചെയ്യുന്നതാണ്. എന്റെ പ്രസംഗം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, എന്റെ പ്രസംഗം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

പ്രമേയം പാസ്സായിരിക്കുന്നു

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

പ്രമേയം പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

പ്രമേയം പാസ്സായിരിക്കുന്നു

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.....ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.44 - ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

(ശ്രീ. റ്റി. എൻ. പ്രതാപൻ അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കലിന്റെ മേശപ്പുറത്തുവച്ച ബാക്കിഭാഗം)

കടലിൽ ഉണ്ടായിരിക്കുന്ന പാരിസ്ഥിതിക മാറ്റങ്ങൾ, ആവാസ വ്യവസ്ഥാ വ്യതിയാനങ്ങൾ, അശാസ്ത്രീയമായ മത്സ്യബന്ധനം, നിയന്ത്രണരഹിതമായ യന്ത്രവല്കൃത യാനങ്ങളുടെ ഉപയോഗം, ഇവയെല്ലാം മത്സ്യക്ഷാമത്തിന് കാരണങ്ങളാവാം. ഇതുമൂലം മത്സ്യത്തൊഴിലാളികൾ പട്ടിണിയിലും കടുത്തകടക്കെണിയിലുമാണ്. മത്സ്യഫെഡ് മുഖേന എടുത്ത മത്സ്യബന്ധനോപകരണ വായ്പപോലും തിരിച്ചടയ്ക്കുവാൻ കഴിയുന്നില്ല. തീരദേശ സമൂഹം വലിയ ആശങ്കയിലാണ്. ഈ വസ്തുതകൾ കണക്കിലെടുത്ത് പുതിയ സാഹചര്യം പഠിക്കുന്നതിനും പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു ഉന്നതതല കമ്മീഷനെ നിയമിക്കണം. രാത്രികാല മത്സ്യബന്ധനം പാടില്ല, എഞ്ചിന്റെ കപ്പാസിറ്റി, വള്ളങ്ങളുടെനീളം, വീതി, ഉപയോഗിക്കുന്ന വല, ഉടമസ്ഥാവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിക്ഷിപ്തമാക്കൽ, ഒരോ ഹാർബറുകളിലും വരാവുന്ന ബോട്ടുകളുടെ എണ്ണം തുടങ്ങിയവ നിശ്ചയിക്കപ്പെടണം.

കടൽ സമ്പത്തിന്റെ അവകാശം കടലിന്റെ മക്കൾക്ക് എന്ന ഉദാത്തമായ ആശയം നടപ്പിലാക്കണം. വനാവകാശ നിയമംപോലെ കടലവകാശനിയമം രാജ്യത്തിന് അനിവാര്യമാണ്. മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് പുതിയ സാഹചര്യങ്ങൾ പഠിക്കുന്നതിനും പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഒരു കമ്മീഷനെ നിയോഗിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഞാൻ സഭയുടെ ശ്രദ്ധക്ഷണിക്കുന്നു.

അനുബന്ധം II

1. (ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ് മേശപ്പുറത്തുവച്ച പ്രസംഗം)

ധനാഭ്യർത്ഥന നമ്പർ XX

ശുദ്ധജല വിതരണവും ശുചീകരണവും

കേരളത്തിലെ ശുദ്ധജല വിതരണത്തിൽ മുഖ്യപങ്കുവഹിക്കുന്ന കേരള ജല അതോറിറ്റി ചെറുതും വലുതുമായ 1241 പദ്ധതികളിലൂടെ ശുദ്ധജലം നൽകിവരുന്നു. വിതരണം ചെയ്യുന്ന വെള്ളത്തിന്റെ തോത് വർദ്ധിപ്പിക്കാനും മെച്ചപ്പെട്ട ശുദ്ധീകരണ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മാർഗ്ഗങ്ങളിലൂടെ ഗ്രണമേന്മ വർദ്ധിപ്പിക്കാനുമാണ് ഊന്നൽ നൽകിയിരിക്കുന്നത്. ഈ സർക്കാർ അധികാരമേറ്റശേഷം ചെറുതും വലുതുമായ 110 പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞ നാലുവർഷങ്ങളിൽ ശ്രദ്ധേയമായ ഒട്ടേറെ പ്രവൃത്തികൾക്ക് തുടക്കം കുറിയ്ക്കാനായി. ഗ്രാമീണ പ്രദേശത്ത് സുരക്ഷിത കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്രഗവൺമെന്റിന്റെ ഗ്രാന്റോടെ NRDWP നടപ്പിലാക്കിവരുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് ഇത്തരം പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നത്.

NRDWP-SLSSC-യിൽ ഉൾപ്പെടുത്തി കഴിഞ്ഞ നാലുവർഷങ്ങളിൽ 209 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. 1769.6 കോടി രൂപയാണ് ഇതിനായി നീക്കിവച്ചത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരികയാണ്. എ.ആർ.പി. (Accelerated Rural Programme), ജിക്ക, നബാർഡ് പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് പ്രവൃത്തികൾ വിഭാവനം ചെയ്തിട്ടുള്ളത്. 2011-12-ൽ 26 കുടിവെള്ള പദ്ധതികളും 2012-13-ൽ 20 പദ്ധതികളും 2013-14-ൽ 27 പദ്ധതികളും 2014 -15- ൽ 37 പദ്ധതികളും പൂർത്തീകരിച്ചു.

ഈ കാലയളവിൽ കുടിവെള്ള കണക്ഷനുകളുടെ എണ്ണം 13.33 ലക്ഷത്തിൽ നിന്ന് 17.24 ലക്ഷമായി ഉയർന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3.91 ലക്ഷം കണക്ഷനുകൾ അധികമായി നൽകാൻ കഴിഞ്ഞു.

ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവർത്തന മികവ് കണക്കിലെടുത്ത് 2012-13-ൽ 99.70 കോടി രൂപയും 2013-14-ൽ 70 കോടി രൂപയും അധികമായി കേരള വാട്ടർ അതോറിറ്റിക്ക് കേന്ദ്രഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുണ്ട്.

പഴയതും ഉപയോഗശൂന്യവുമായ പൈപ്പുകൾ മാറ്റിയിടൽ

ശുദ്ധജല വിതരണത്തിന്റെ സുഗമമായ നടത്തിപ്പിലേയ്ക്കായി പഴകിയതും ഉപയോഗശൂന്യവുമായ പൈപ്പുകൾ മാറ്റിയിടേണ്ടതുണ്ട്. ഓരോ വർഷവും ശരാശരി 10 ശതമാനം പൈപ്പുകൾ ഇത്തരത്തിൽ മാറ്റുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഈ വർഷം ഇതിലേയ്ക്കായി 95 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

തിരുവനന്തപുരത്ത് പേരൂർക്കട-പൈപ്പിൻമൂട്-ശാസ്തമംഗലം, അമ്പലമുക്ക്-വയലിക്കട-മുട്ടട-പരുത്തിപ്പാറ-കേശവദാസപുരം-ഉള്ളൂർ റോഡിൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് 16.82 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

മുട്ടട-കേശവദാസപുരം റോഡിൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് 2.58 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്കുള്ള പൈപ്പ് ലൈനിൽ മരപ്പാലം മുതൽ പൊട്ടക്കുഴിവരെ പൈപ്പ് മാറ്റുന്നതിന് 10 കോടി രൂപ വേണ്ടിവരും. ഇതിന് ഭരണാനുമതി ഈ വർഷം നൽകും. കൂടാതെ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലുള്ള കേടായ പൈപ്പുകൾ മാറ്റുന്നതിന് ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി നടപടികൾ സ്വീകരിക്കുന്നതാണ്.

പൈപ്പ് പോളിസി

ശുദ്ധജല വിതരണത്തിനായുള്ള പദ്ധതിച്ചെലവിന്റെ 60 ശതമാനവും പൈപ്പും അനുബന്ധഘടകങ്ങൾക്കും വേണ്ടിയാണ്. ഉപയോഗിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ 2013-ൽ പൈപ്പ് പോളിസിക്ക് രൂപം നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി മുൻകാല അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ പൊട്ടലുകളും ചോർച്ചയും സംഭവിക്കുന്ന കോൺക്രീറ്റ് പൈപ്പുകളും എ.സി. പൈപ്പുകളും ഒഴിവാക്കാൻ തീരുമാനിച്ചു.

പുതിയ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ എം.എസ്. പൈപ്പ്, ഡി.ഐ പൈപ്പ്, PVC, P.F എന്നീ പൈപ്പുകൾമാത്രം ഉപയോഗിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്. പോളിസി പ്രകാരം 160 എം.എം വ്യാസത്തിനുമുകളിൽ പി.വി.സി. പൈപ്പുകൾ ഉപയോഗിക്കുവാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരം ഗുണനിലവാരമുള്ള പൈപ്പുകൾ ഉൾപ്പെടുത്തുന്നതോടുകൂടി പദ്ധതികളുടെ അടങ്കൽ തുക കാര്യമായി വർദ്ധിക്കുമെങ്കിലും ഏറെക്കാലം കേടുപാടുകളില്ലാതെ ഉപയോഗിക്കാമെന്നകാര്യം പരിഗണിച്ച് ഈ ബാധ്യത ഏറ്റെടുക്കാനാണ് സർക്കാരിന്റെ തീരുമാനം.

പമ്പ് പോളിസി

നിലവിലുള്ള പൈപ്പ് പോളിസിപോലെ പമ്പുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ഒരു പമ്പ് പോളിസിക്ക് രൂപം നൽകുന്നതാണ്. കാലപ്പഴക്കം ചെന്ന പമ്പ് സെറ്റുകളും മോട്ടോറുകളും ഒരു നിശ്ചിത കാലയളവിനുശേഷം മാറ്റി സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. പമ്പുസെറ്റുകൾക്കും മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങൾക്കും നിലവിലുള്ള മാർക്കറ്റ് വിലയനുസരിച്ച് ഒരു അംഗീകൃത നിരക്കില്ലാത്തതും പമ്പുസെറ്റുകൾ ലഭ്യമാകാത്തതുമാണ് പ്രധാനപ്രശ്നം. അതിലേയ്ക്കായി പൈപ്പ് കമ്പനികളെ പ്രീ-ക്വാളിഫൈ ചെയ്ത് എംപാനൽ തയ്യാറാക്കുന്നവിധത്തിൽ പോളിസിക്ക് രൂപം നൽകുന്നതാണ്. നിലവിൽ 50 എച്ച്.പി.-യിൽ മുകളിൽ പമ്പുകൾ ഉപയോഗിക്കുന്ന 126 പദ്ധതികളിൽ സ്റ്റാൻഡ് ബൈ പമ്പുകൾ സ്ഥാപിക്കുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി

ജപ്പാൻ ധനസഹായത്തോടെ പൂർത്തിയാക്കിവരുന്ന പദ്ധതിയുടെ മതിപ്പ് ചെലവ് 2987 കോടി രൂപയാണ്.

തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നീ അഞ്ച് പദ്ധതികളാണ് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്നത്.

കോഴിക്കോട് പദ്ധതി

കോഴിക്കോട് കോർപ്പറേഷനും സമീപ പ്രദേശങ്ങൾക്കും പ്രയോജനം ലഭിക്കുന്ന 174 എം.എൽ.ഡി. പ്രവർത്തനശേഷിയുള്ള ജിക്ക പദ്ധതി ഇതിനോടകം കമ്മീഷൻ ചെയ്തിട്ടുണ്ട്. 12.08 ലക്ഷം ജനങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. വിതരണ ശൃംഖല 1876 കി.മീ. ആണ്. ഇതിൽ 1266 കി.മീ. പൂർത്തിയാക്കി. ജിക്കയിലെ ഏറ്റവും വലിയ കുടിവെള്ള പദ്ധതിയാണിത്.

കൊച്ചി ജൻറംപദ്ധതി വരുന്ന മൂന്നുമാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. കൂടാതെ കൊച്ചി നഗരത്തിന്റെ ജലവിതരണ പദ്ധതിയുടെ വിപുലീകരണത്തിനായി 238.53 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൊച്ചി കോർപ്പറേഷനിലും സമീപത്തെ 14 പഞ്ചായത്തുകൾക്കുമായി 235 എം.എൽ.ഡി. ശുദ്ധജലം ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതുപോലെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമായി 28.01 കോടി രൂപയുടെ പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. അതുപോലെ ചൂണ്ടിയിലെ നിലവിലുള്ള 46 എം.എൽ.ഡി. പ്ലാന്റിന്റെ പുനരുദ്ധാരണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു.

പേപ്പാറ ഡാം

തിരുവനന്തപുരത്തെ ജലവിതരണ പദ്ധതികളുടെ പ്രധാന സ്രോതസ്സായ പേപ്പാറ ഡാമിന്റെ ഉയരം 104.5 മീറ്ററിൽനിന്നും 107.5 മീറ്ററായി ഇപ്പോൾ ഉയർത്തിയിട്ടുണ്ട്. ഇതുമൂലം കൂടുതൽ ജലം ലഭ്യമാകുന്നുണ്ട്.

കൂടാതെ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ തിരുവനന്തപുരം സിറ്റിയിലേയ്ക്ക് അധിക ജലം എത്തിക്കുന്നതിനായി നെയ്യാർ ഡാമിൽനിന്നും ഒരു പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതാണ്. ഈ പദ്ധതിവഴി 100 എം.എൽ.ഡി. ജലം അധികമായി തിരുവനന്തപുരത്തും സമീപ പ്രദേശങ്ങളിലും ലഭ്യമാകും. ഇതിനായി

ആദ്യഘട്ടമെന്ന നിലയിൽ 33.30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശാസ്താംകോട്ട തടാകത്തിൽനിന്നും എടുക്കുന്ന വെള്ളത്തിന്റെ അളവ് കുറയ്ക്കുന്നതിനുവേണ്ടി കല്ലടയാറിലെ കടപുഴയിൽനിന്നും കൊല്ലം നഗര ശുദ്ധജല വിതരണ പദ്ധതിയിലേക്ക് വെള്ളം എടുക്കുന്നതിന് 1450 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കട്ടനാട് ശുദ്ധജല പദ്ധതി

കട്ടനാട്ടിലെ 12 പഞ്ചായത്തുകളിലെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനായി മൂന്നു പാക്കേജുകളിലായി 63.47 കോടി രൂപയുടെ പണി ആരംഭിച്ചു കഴിഞ്ഞു. നാലാമത്തെ പാക്കേജിന്റെ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

തൃശ്ശൂർ കോർപ്പറേഷനും മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്ന മുളങ്കുന്നത്തുകാവ് ഉൾപ്പെടെയുള്ള 10 പഞ്ചായത്തുകളിലെ ജലവിതരണം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കുറുവണ്ണൂർ പുഴ സ്രോതസ്സാക്കി 28 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജലശുദ്ധീകരണശാലയ്ക്കുള്ള സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. ഇതുവഴി 55 എം.എൽ.ഡി. ശുദ്ധീകരിച്ച ജലം വിതരണത്തിന് ലഭ്യമാകുന്നതാണ്.

കേരളത്തിലെ കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ജനസംഖ്യ കണക്കിലെടുത്ത് നിലവിലുള്ള ജലവിതരണ പദ്ധതികൾ വിപുലീകരിക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും എ.ഡി.ബി. ലോകബാങ്ക്, ജിക്ക എന്നിവയുടെ സഹായത്തോടെ ഘട്ടംഘട്ടമായി പദ്ധതികൾ ആവിഷ്കരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ജലശുദ്ധീകരണ ശാലകൾ

കേരള വാട്ടർ അതോറിറ്റി സംസ്ഥാനമൊട്ടാകെ നിലവിലുള്ള വിവിധ കുടിവെള്ള പദ്ധതികളിലെ 195 ജലശുദ്ധീകരണ ശാലകൾവഴി ഏകദേശം 2500 ദശലക്ഷം ലിറ്റർ ശുദ്ധജലം ഉൽപ്പാദിപ്പിച്ച് വിതരണംചെയ്യുവരുന്നു. ഏകദേശം 121 ലക്ഷം ജനങ്ങൾക്ക് ഇതുവഴി പ്രയോജനം ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന 100 ശുദ്ധീകരണശാലകൾവഴി 1146 ദശലക്ഷം ലിറ്റർ ജലം അധികമായി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇതുവഴി 84 ലക്ഷം ജനങ്ങൾക്ക് അധികമായി പ്രയോജനം ലഭിക്കും.

ഗുണനിലവാര പരിശോധന

കേരള വാട്ടർ അതോറിറ്റിവഴിനൽകുന്ന ജലത്തിന്റെ ഗുണനിലവാരം അളക്കുന്നതിനായി സംസ്ഥാനത്ത് നെട്ടൂരിൽ ഒരു റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും 14 ജില്ലകളിൽ ജില്ലാ ലാബുകളും 16 സബ് ഡിവിഷൻ ലാബുകളും നിലവിലുണ്ട്.

എൻ.ആർ.ഡി.ഡബ്ല്യു.പി. 2013-ൽ ഉൾപ്പെടുത്തി 18 സബ്ഡിവിഷൻ ലാബുകൾ സ്ഥാപിക്കുന്നതിന് അംഗീകാരം ലഭിക്കുകയും അതിൽ 15 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു.

എൻ.ആർ.ഡി.ഡബ്ല്യു.പി. 2014-ൽ അംഗീകാരം ലഭിച്ച 31 സബ്ഡിവിഷൻ ലാബുകളുടെ പണികൾ പുരോഗമിക്കുന്നു.

കൂടാതെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ മൊബൈൽ ലാബുകളുടെ പണികൾ പുരോഗമിക്കുന്നു.

നേമം പ്രദേശത്ത് ശുദ്ധജല വിതരണം ചെയ്യുന്നതിനുള്ള നടപടികൾ

തിരുവനന്തപുരം നഗരത്തിന്റെ ഭാഗമായ നേമത്ത് അനുഭവപ്പെടുന്ന രൂക്ഷമായ കടിവെള്ളക്ഷാമം അടിയന്തരമായി പരിഹരിക്കുന്നതിന് പാപ്പനംകോട് ജംഗ്ഷൻ മുതൽ 500 മീറ്റർ ദൂരത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിനും, ശാശ്വത പരിഹാരത്തിനായി JNNURM പദ്ധതി പ്രകാരം സ്ഥാപിക്കുന്ന പൈപ്പ് ലൈൻ ഇനി ഇടാനുള്ള 4 കിലോമീറ്റർ ദൂരത്തുകൂടി വേഗതയിൽ തീർത്ത് ജിക്കാ പൈപ്പിലേക്ക് കണക്ട് ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തൃക്കണ്ണാപുരത്ത് 5 എം.എൽ.ഡി. ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ സാധ്യതയും പരിശോധിക്കുന്നതാണ്.

ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

ശുദ്ധജലവിതരണരംഗത്തെ ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്. മെയിന്റനൻസ് കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കുവാനും പൈപ്പ് പൊട്ടലും മറ്റ് അറ്റകുറ്റ പണികളും ചെയ്തു തീർക്കുന്നതിനും മെച്ചപ്പെട്ട സംവിധാനങ്ങൾ ആവിഷ്കരിക്കും. മെയിന്റനൻസ് ജോലികൾക്ക് ആവശ്യമായി വരുന്ന സാധന സാമഗ്രികൾ അതാത് ഡിവിഷൻ സ്റ്റോറുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്പോൾ നിലനിൽക്കുന്ന അറ്റകുറ്റപ്പണികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി നിലവിലുള്ള മാർക്കറ്റ് വില അടിസ്ഥാനപ്പെടുത്തി വാട്ടർ അതോറിറ്റിക്ക് പ്രത്യേകമായി ഷെഡ്യൂൾ ഓഫ് റേറ്റ് ഉണ്ടാക്കുന്നതാണ്. 165 സെക്ഷൻ ഓഫീസുകളിലെ ജോലിഭാരം കുറച്ച് ഗുണഭോക്താക്കൾക്കുള്ള സേവനം മെച്ചപ്പെടുത്തുന്നതിനായി ഓരോ ഫസ്റ്റ് ഗ്രേഡ് ഓവർസിയർമാരെ റീ-ഡിപ്ലോയ്മെന്റ്വഴി നിയമിക്കുന്നതാണ്. കേരളാ വാട്ടർ അതോറിറ്റിയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കും. ജലലഭ്യതയുള്ള മേഖലകളിൽ കൂടുതൽ ആളുകളെ കണക്ഷൻ എടുക്കുന്നതിന് സഹായകരമായി കണക്ഷൻ മേളകൾ നടത്താനുദ്ദേശിക്കുന്നു. അമിത നിരക്ക് ഈടാക്കുന്നതിൽനിന്നും ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിനും കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും പരാതി പരിഹാര സെല്ലുകൾ ചീഫ് എഞ്ചിനീയർ ഓഫീസുകൾ കേന്ദ്രീകരിച്ച് സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. പമ്പ് സെറ്റ്/മോട്ടോർ കേടാകുമ്പോൾ സമയബന്ധിതമായി അറ്റകുറ്റ പണികൾ ചെയ്യുന്നതിനും സ്റ്റാൻഡ് ബൈ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. പൈപ്പുലൈനുകളിൽ പെട്ടെന്നുണ്ടാകുന്ന ലീക്കുകൾ പരിഹരിക്കുന്നതിനും അടിയന്തര അറ്റകുറ്റപ്പണികൾക്കുമായി തിരുവനന്തപുരത്ത് നിലവിലുള്ള ബ്ലൂ-ബ്രിഗേഡ് സംവിധാനം കൊച്ചി, കോഴിക്കോട് നഗരങ്ങളിലും ഏർപ്പെടുത്തുന്നതാണ്.

ജലനിധി

സംസ്ഥാനത്തെ ഗ്രാമീണമേഖലയിൽ ലോകബാങ്കിന്റെ സഹായത്തോടെ 1022 കോടി രൂപയുടെ ജലവിതരണ പദ്ധതികൾ ജലനിധിയുടെകീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. 102 പഞ്ചായത്തുകളിൽ 436 സ്കീമുകളിലായി 76,185 കുടുംബങ്ങളിൽപ്പെട്ട 3,22,040 ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. ഇതിൽ 176-ാളം പദ്ധതികൾ ഇതിനോടകം പൂർത്തിയായിക്കഴിഞ്ഞു. ഇതുകൂടാതെ മാള, കുഴൂർ, പൊയ്യ, വെള്ളാങ്കല്ലൂർ, പുത്തൻചിറ, അന്നമനട എന്നീ പഞ്ചായത്തുകളിലെ 6032 കുടുംബങ്ങളിൽപ്പെട്ട 30,160 ആളുകൾക്കും വേങ്ങര, ഊരകം, പരപ്പൂർ പഞ്ചായത്തുകളിൽപ്പെട്ട 3075 കുടുംബങ്ങളിലെ 15,373 ആളുകൾക്കും തെന്നല, പെരുമണ്ണക്കാരി, ഒഴൂർ പഞ്ചായത്തുകളിൽപ്പെട്ട 4818 കുടുംബങ്ങളിലെ 31,803 ആളുകൾക്ക് പ്രയോജനപ്പെടുന്ന മൂന്ന് മൾട്ടി ജി.പി. പദ്ധതികളും നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മഴവെള്ള സംഭരണം

സംസ്ഥാനത്ത് ഈ വർഷം വിദ്യാഭ്യാസ വകുപ്പുവഴി അപേക്ഷ ലഭിച്ചിട്ടുള്ള 1200-ാളം സ്കൂളുകളിൽ മഴവള്ള സംഭരണി നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മഴവെള്ള സംഭരണവും കിണർ റീ-ചാർജ്ജും വ്യാപകമായി പ്രോത്സാഹിപ്പിച്ച് ജലക്ഷാമം പരിഹരിക്കാൻ നടപടികൾ കൈക്കൊള്ളുന്നതാണ്.

ഭൂജല വകുപ്പ്

ഭൂജലവകുപ്പ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കുഴൽകിണർ/ടൃബ് വെൽ സ്രോതസ്സായുള്ള കുടിവെള്ള പദ്ധതികളാണ് ഭൂജലവകുപ്പ് നടപ്പിലാക്കുന്നത്. ഇറന്ന കിണർ കുഴിക്കാൻ സാധിക്കാത്തതും, മലമ്പ്രദേശങ്ങളിലും ഇത്തരത്തിലുള്ള കിണർ നിർമ്മിച്ച് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിലൂടെ സാധാരണ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം കുറഞ്ഞചെലവിൽ ലഭ്യമാക്കാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികൾ വരൾച്ചാസമയത്തും ജനങ്ങളുടെ കുടിവെള്ളാവശ്യം പരിഹരിക്കാൻ പര്യാപ്തമാണ്. കുഴൽക്കിണർ/ടൃബ് വെൽ നിർമ്മിച്ചശേഷം ജലലഭ്യതയ്ക്കനുസരിച്ചാണ് ചെറുകിട കുടിവെള്ള പദ്ധതി രൂപകൽപ്പന ചെയ്യുന്നത്. ജലലഭ്യത കൂടുതലുള്ള സ്ഥലങ്ങളിൽ ഇലക്ട്രിക് പമ്പുകൾ ഘടിപ്പിച്ച് ടാപ്പ് മുഖേന ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നു. ഇത്തരത്തിലുള്ള ഓരോ സ്കീമും 50 മുതൽ 70 വരെയുള്ള കുടുംബങ്ങൾക്ക് ഗുണപ്രദമാകുന്നു. മണിക്കൂറിൽ 1000 ലിറ്ററിൽ താഴെ ജലലഭ്യതയുള്ള കിണറുകളിൽ ഹാന്റ് പമ്പ് സ്ഥാപിച്ചും പദ്ധതിനടപ്പിലാക്കുന്നു. ഇവ 10 കുടുംബങ്ങൾക്ക് പ്രയോജനപ്പെടുത്താൻ സാധിക്കുന്നു. വൈദ്യുതി ഇല്ലാത്ത മേഖലകളിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇത്തരത്തിൽ 325 മിനി വാട്ടർ സപ്ലൈ പദ്ധതികളിലായി കഴിഞ്ഞ നാലുവർഷങ്ങളിലായി 30839 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

മിഷൻ 676

മിഷൻ 676-ൽ ഉൾപ്പെടുത്തി 154 കുടിവെള്ള പദ്ധതികളാണ് പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നത്. ഇതിൽ 40 പദ്ധതികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ശേഷിക്കുന്ന പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.

NRDWP-യിൽ ഉൾപ്പെടുത്തി ഈ വർഷം കേന്ദ്ര സഹായത്തോടെ 325 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XXXVIII

ജലസേചനം

മഴക്കാലത്ത് കേരളത്തിലെ നദികളിൽ വർദ്ധിച്ച തോതിൽ ഒഴുകിയെത്തുന്ന ജലത്തെ ഫലപ്രദമായി തടഞ്ഞുനിർത്തി ഉപയോഗപ്പെടുത്താനുള്ള പദ്ധതികളാണ് ഏറെ പ്രാധാന്യത്തോടെ ജലവിഭവവകുപ്പ് ഈ കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിയത്. തടയണകളും റെഗുലേറ്ററുകളുംവഴി ജലം സംഭരിച്ചുനിർത്തിയാണ് മിക്ക കുടിവെള്ള പദ്ധതികളും ഇന്ന് വേനൽക്കാലത്ത് തടസ്സമില്ലാതെ പ്രവർത്തിക്കുന്നത്. ഇതുവഴി സമീപത്തെ കിണറുകളിലും സ്പ്രീപ്പേജ് വഴി വേനൽക്കാലത്ത് വെള്ളം ലഭ്യമാകുന്നുണ്ട്.

ജലസംരക്ഷണത്തിന്റെ പ്രധാന്യം ഉൾക്കൊണ്ട് സ്റ്റോറേജിനും കുടിവെള്ള സ്രോതസ്സുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുമായി കഴിഞ്ഞ 4 സാമ്പത്തിക വർഷങ്ങളിലായി 689 കോടി രൂപ മുടക്കി 431 ചെക്ക് ഡാമുകളുടെ പണി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഇതിൽ നബാർഡ് സഹായത്തോടെ നടത്തുന്ന പദ്ധതികൾ, എം.ഐ. പ്രയോറിറ്റി സ്കീമിൽ അനുവദിച്ച പദ്ധതികൾ, 2014-15-ൽ വരൾച്ചാ ദുരിതാശ്വാസത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ, റിവർ ബേസിനുകൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന പദ്ധതികൾ എന്നിവയും ഉൾപ്പെടുന്നു.

പ്രധാന ചെക്ക് ഡാമുകൾ:

1. പാലക്കാട് ജില്ല:

   ചങ്ങണാംകുന്ന് (32.50 കോടി)

   കുട്ടക്കടവ് (50 കോടി)

2. തൃശ്ശൂർ ജില്ല:

   കുട്ടിൽമുക്ക്

3. കണ്ണൂർ ജില്ല:

   തിരുർ - ചമതച്ചാൽ (19 കോടി)

4. കോഴിക്കോട് ജില്ല:

   ചിറ്റാരിക്കടവ് (20.18 കോടി)

LIBRARY ARCHIVES Kerala Legislative Assembly

5. മലപ്പുറം ജില്ല:

പൂക്കോട്ടുമന - 35 കോടി

കൂട്ടിലങ്ങാടി - 3.17 കോടി

ഒടായ്ക്കൽ - 49.50 കോടി

ചാലിയാർ ബേസിനിൽ 7.58 കോടി രൂപയുള്ള 12 ചെക്ക് ഡാമുകൾ.

കേരളത്തിലെ ചില നദികളിൽ കടലിൽനിന്നും ഉപ്പുവെള്ളം കയറുന്നതുമൂലം നദീജലം കാർഷികാവശ്യത്തിനും ഗാർഹിക ആവശ്യത്തിനും ഉപയോഗിക്കാൻ പറ്റാതെയാകുന്നു. വേലിയേറ്റ സമയത്താണ് ഈ പ്രശ്നം കൂടുതൽ രൂക്ഷമാകുന്നത്. ഇതിന് ശാശ്വത പരിഹാരമായി നദികൾക്ക് കുറുകെ റെഗുലേറ്ററുകൾ ജലസേചന വകുപ്പ് നിർമ്മിച്ചുവരുന്നു. ഇവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു :

1. ബാവിക്കര റെഗുലേറ്റർ

കാസർഗോഡ് ജില്ലയിൽ ചന്ദ്രഗിരി പുഴയ്ക്ക് കുറുകെ ബാവിക്കരയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പുതുക്കിയ രൂപകല്പന പ്രകാരമുള്ള പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. എസ്റ്റിമേറ്റിന് 12.83 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

1. പാണ്ടിക്കണ്ടം RCB

കാസർഗോഡ് ജില്ലയിൽ പയസ്വനി പുഴയ്ക്ക് കുറുകെയാണ് പദ്ധതി നിർമ്മിച്ചു വരുന്നത്. 2013-ൽ 20.80 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

2. നമ്പ്യാർക്കൽ (SWEP)

കാസർഗോഡ് ജില്ലയിലെ നീലേശ്വരം നദിയ്ക്ക് കുറുകെയാണ് പദ്ധതി നിർമ്മിച്ചുവരുന്നത്. 2013-ൽ 6.20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ ഈ പദ്ധതിയുടെ പ്രവൃത്തി പുരോഗതിയിലാണ്.

3. പുറപ്പള്ളിക്കാവ് RCB

എറണാകുളം ജില്ലയിൽ പെരിയാർ നദിയ്ക്ക് കുറുകെയാണ് RCB നിർമ്മിക്കുന്നത്. 2014-ൽ 100 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. പാതാളം RCB

എറണാകുളം ജില്ലയിൽ പെരിയാറിന് കുറുകെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2014-ൽ 64.90 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. അപ്രോച്ച് റോഡ് ഒഴികെ പൂർത്തിയായി.

5. കരിയാർ RCB

കോട്ടയം ജില്ലയിൽ കരിയാറിനു കുറുകെ 110 മീറ്റർ നീളം വരുന്ന ഈ പദ്ധതി പൂർത്തിയായിക്കഴിഞ്ഞു. പ്രസ്തുത പദ്ധതിയിലേയ്ക്കായി 27.20 കോടി രൂപ ചെലവായിട്ടുണ്ട്.

6. തണ്ണീർമുക്കം RCB (മൂന്നാംഘട്ടം)

ആലപ്പുഴ ജില്ലയിൽ വേമ്പനാട് കായലിനു കുറുകെ 450 മീറ്റർ നീളത്തിൽ 255.35 കോടി രൂപ ചെലവിൽ ഈ പണി പുരോഗമിച്ചു വരുന്നു. കട്ടനാട്ടിലെ കൃഷിയിടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം.

7. മുനയം RCB

തൃശ്ശൂർ ജില്ലയിൽ കരുവന്നൂർ പുഴയ്ക്ക് കുറുകെ കോൾ നിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. 21.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ DSR പ്രകാരം 22.60 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയ്ക്കുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു.

8. പൂവൻപാറ ചെക്ക് ഡാം

തിരുവനന്തപുരം ജില്ലയിൽ വാമനപുരം നദിക്കു കുറുകെ പൂവൻപാറയിൽ 50 മീറ്റർ നീളത്തിലുള്ള ചെക്ക്ഡാമിന്റെ പണി 3.75 കോടി രൂപയ്ക്ക് പൂർത്തീകരിച്ചു കഴിഞ്ഞു.

9. കടപുഴ റെഗുലേറ്റർ

കൊല്ലം ജില്ലയിൽ കല്ലടയാറിനു കുറുകെ കടപുഴയിൽ ഉപ്പുവെള്ളം പ്രതിരോധിക്കുന്നതിനും, ശാസ്താംകോട്ട കായലിലെ വെള്ളം പരിമിതപ്പെടുത്തി കൊല്ലം ശുദ്ധീകരണശാലയിലേയ്ക്ക് എടുക്കുന്നതിനുമായി റെഗുലേറ്റർ നിർമ്മിക്കുന്നതിന് 19 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മൂലത്തറ RBC :

മൂലത്തറ ഡാമിന്റെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ ഉക ലോകബാങ്ക് സഹായത്തോടെ ഡ്രിപ്പ് പദ്ധതിയിൽപ്പെടുത്തി ലഭ്യമാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. മൂലത്തറ വലതുകര കനാൽ വേലന്താവളം വരെ ദീർഘിപ്പിക്കുന്നതിന് 50.6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനായി നീക്കിവച്ചിട്ടുണ്ട്.

കാവേരി അവാർഡ് പ്രകാരം ലഭിച്ച വെള്ളം ഉപയോഗപ്പെടുത്തുന്നതിനായി ഇടുക്കി ജില്ലയിൽ പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. വയനാട്ടിൽ പയ്യംപള്ളി പുതിയിടം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള 13.50 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. അട്ടപ്പാടിവാലി ഇറിഗേഷൻ പദ്ധതിയുടെ ഇ.ഐ.എ. പഠനത്തിനുള്ള അനുവാദത്തിനായി കേന്ദ്രസർക്കാരിനെ സമീപിച്ചിരിക്കുകയാണ്.

പാലക്കാട് ജില്ലയിലെ ഗ്ലളിക്കടവ് - അട്ടപ്പാടി ചിറ്റൂർ റോഡിന്റെ പണി ആരംഭിച്ചു കഴിഞ്ഞു. കുറ്റ്യാടി പദ്ധതിയുടെ കീഴിലുള്ള വള്ളിക്കാട് അക്വാഡക്ടിന്റെ പുനർനിർമ്മാണത്തിന് 5.5 കോടി രൂപയുടെ ഭരണാനുമതിയ്ക്കുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചു വരികയാണ്.

ഉൾനാടൻ ജലഗതാഗതം :

205 കി.മീറ്റർ നീളത്തിലുള്ള കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാതയിൽ ഇനി പണി പൂർത്തിയാകാനുള്ളത് ഉദ്ദേശം 5 കി. മീറ്റർ ഭാഗമാണ്. ഇപ്പോൾ തന്നെ ഈ 5 കി. മീറ്ററിൽ ഒറ്റവരി ജലഗതാഗതം സാധ്യമാണ്.

കുട്ടനാട് പാക്കേജ് :

എ.സി. കനാലിന്റെ നവീകരണം (ഒന്നാം ഘട്ടം) -13 എഫ്.സി.

ആലപ്പുഴ-ചങ്ങനാശ്ശേരി കനാലിന്റെ ഒന്നാംഘട്ടത്തിൽ നവീകരണത്തിനായി ഉദ്ദേശിച്ചിരുന്ന 11.76 കി.മീറ്ററിൽ 9.36 കി.മീറ്റർ പൂർത്തിയായിട്ടുണ്ട്. ഇതിന് 599 ലക്ഷം രൂപ ചെലവായി.

1. KEL -1 (നെടുമുടി പഞ്ചായത്തിലെ 14 പാടശേഖരങ്ങൾ)

FMP സ്കീമിൽ അംഗീകാരം ലഭിച്ചിട്ടുള്ള ഈ പദ്ധതിയിൽ നെടുമുടി പഞ്ചായത്തിലെ 14 പാടശേഖരങ്ങൾ ഉൾപ്പെടുന്നു. 10 പാടശേഖരങ്ങളുടെ പണി പൂർത്തിയായി. രണ്ട് പാടശേഖരങ്ങളുടെ പണി ഓഗസ്റ്റ് 31-നകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

2. KEL -2 (9 കായൽ പാടങ്ങളുടെയും കൊച്ചാറിന്റെയും പണികൾ) :

FMP സ്കീമിൽ ഇതിന് ആകെ അനുവദിച്ചത് 118.83 കോടി രൂപയാണ്. 6 പാടങ്ങളുടെയും പണി പൂർത്തിയായിട്ടുണ്ട്. കൊച്ചാറിന്റെ ജോലിയും പൂർത്തിയായിവരുന്നു. ഓഗസ്റ്റ് മാസത്തോടെ കൊച്ചാറിന്റെയും 3 പാടശേഖരങ്ങളുടെയും പണികൾ പൂർത്തിയാകുമെന്നും പ്രതീക്ഷിക്കുന്നു.

3. KEL -4 ഓണാട്ടുകര :

ഓണാട്ടുകര ഭാഗത്തെ 12 വാട്ടർഷെഡുകൾ നവീകരിക്കുന്നതിന് 248.39 കോടി രൂപയ്ക്ക് FMP സ്കീമിൽ അംഗീകാരം ലഭിച്ചു. 19 വർക്കുകൾ എഗ്രിമെന്റ് വെച്ച് പണി ആരംഭിച്ചു.

4. തണ്ണീർമുക്കം ബാരേജിന്റെ നവീകരണം:

തണ്ണീർമുക്കം ബാരേജിന്റെ മൂന്നാം ഘട്ടത്തിന്റെ പണികൾക്കും ഒന്നും രണ്ടും ഘട്ടങ്ങളുടെ ഷട്ടറുകൾ നവീകരിക്കുന്നതിനുമായി FMP സ്കീമിൽ 255.34 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ടി വർക്ക് എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചു. 181 കോടി രൂപ വരുന്ന മൂന്നാം ഘട്ടത്തിന്റെ 35% പണി പൂർത്തിയായിട്ടുണ്ട്.

5. തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണം :

തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണത്തിനായി 13.49 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.

6. കട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടെയും വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിവാരണ പണികൾ :

2-7-2013-ൽ കൂടിയ മുഖ്യമന്ത്രിയുടെ അവലോകന യോഗത്തിലെ തീരുമാന പ്രകാരം 411 പാടശേഖരങ്ങൾക്കായി 1212 കോടിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. അവലോകന യോഗത്തിലെ തീരുമാനപ്രകാരം 397 പാടശേഖരങ്ങൾക്ക് നിരവധി തവണ ടെണ്ടർ ക്ഷണിച്ചുവെങ്കിലും 73 പാടങ്ങൾക്കു മാത്രമാണ് പ്രതികരണമുണ്ടായത്.

കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടൽ ഭിത്തിയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും പുലിമുട്ടുകളുടെ നിർമ്മാണത്തിനുമായി 256.22 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജില്ല തിരിച്ചുള്ള കണക്കുകൾ :

1. തിരുവനന്തപുരം - 27.15 കോടി രൂപ
2. കൊല്ലം - 34.04 ,,
3. ആലപ്പുഴ - 109.13 ,,
4. എറണാകുളം - 9.67 ,,
5. തൃശ്ശൂർ - 9.14 ,,
6. മലപ്പുറം - 12.28 ,,
7. കോഴിക്കോട് - 39.26 ,,
8. കണ്ണൂർ - 7.42 ,,
9. കാസർഗോഡ് - 8.12 ,,

കടലാക്രമണ പ്രതിരോധത്തിനു IIT പഠനം ആവശ്യമായ ഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് :

1. തിരുവനന്തപുരം - 13.00 കി.മീ.
2. കൊല്ലം - 14.50 ,,
3. ആലപ്പുഴ - 10.60 ,, (11.00 കി.മീ. പഠനം നടന്നുവരുന്നു)
4. എറണാകുളം - 16.50 ,,
5. തൃശ്ശൂർ - 15.00 ,,
6. മലപ്പുറം - 15.62 ,,
7. കോഴിക്കോട് - 15.50 ,,
8. കണ്ണൂർ - 15.19 ,,
9. കാസർഗോഡ് - 14.09 ,,

ആകെ 130 കി.മീ. IIT പഠനം നടത്തുന്നതിന് 6 ലക്ഷം രൂപ/കി.മീ. നിരക്കിൽ 780 ലക്ഷം രൂപ അടിയന്തരമായി അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇടമലയാർ ജലസേചന പദ്ധതി :

ഇടമലയാർ വൈദ്യുത പദ്ധതിയുടെ എണ്ണക്കൽ ഡാമിൽനിന്ന് വൈദ്യുതി ഉൽപ്പാദനത്തിനുശേഷം പുറത്തേയ്ക്കുവിടുന്ന വെള്ളം പെരിയാർ നദിയിൽ ഭൂതത്താൻകെട്ട് ബാരേജിൽ തടഞ്ഞുനിർത്തി പെരിയാറിന്റെ വലതുകരയിലുള്ള കനാലുകളിൽക്കൂടി ഇടമലയാർ കനാലിലേയ്ക്കും ഇടതുകരയിലുള്ള കനാലിലൂടെ പെരിയാർ വാലിയിലേയ്ക്കും തിരിച്ചു വിടുന്നു. ഈ ജലം ഉപയോഗപ്പെടുത്തി എറണാകുളം ജില്ലയില ആലുവ, പറവൂർ താലൂക്കുകളിലും തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലുള്ള 14394 ഹെക്ടർ പ്രദേശത്ത് കൃഷി ആവശ്യത്തിന് വെള്ളം എത്തിക്കുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. മെയിൻ കനാൽ മുഴുവനായും (32.278 കി.മീറ്ററും) ലോ ലെവൽ കനാലിന്റെ 27.25 കി.മീറ്ററിൽ 7.3 കി.മീറ്റർ വരെയും 13-1-2015-ൽ വിജയകരമായി ടെസ്റ്റ് റൺ നടത്തുകയും ഇപ്പോൾ ജലവിതരണം നടത്തുകയും ചെയ്യുന്നുണ്ട്. അവശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി :

ഇടുക്കി ഡാമിന്റെ മൂലമറ്റം പവർ ഹൗസിൽ നിന്നും പുറത്തേയ്ക്ക് വരുന്ന ജലം മുട്ടത്തുള്ള ഡാമിൽ ശേഖരിച്ച് എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിലെ 37737 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുവാനും, കുടിവെള്ളം നൽകുവാനും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഡാമും, ഇടതുവലതു മെയിൻ കനാലും പണികൾ പൂർത്തീകരിച്ചു ബ്രാഞ്ച് കനാൽ 96%, ഡിസ്ട്രിബ്യൂട്ടറികൾ 87% പണി പൂർത്തിയായി. 1994-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. അവശേഷിക്കുന്ന മിസ്സിംഗ് ലിങ്ക്സുകളിൽ പണി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

എം.വി.ഐ.പി.-യിൽ പൂർത്തിയാക്കാനുള്ള പ്രധാന മിസ്സിംഗ് ലിങ്കുകൾ :

1. പിറവം ബ്രാഞ്ച് കനാലിന്റെ ചെയ്നേജ് 4150 മീറ്റർ മുതൽ 6604 മീറ്റർ വരെയുള്ള നിർമ്മാണം.

2. മടക്കത്താനം ഡിസ്ട്രിബ്യൂട്ടറിയുടെ ചെയ്നേജ് 690 മീറ്റർ മുതൽ 3765 മീറ്റർ വരെയുള്ള ഭാഗം

3. ഇടയാർ ഡിസ്ട്രിബ്യൂട്ടറി

4. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ചെയ്നേജ് 1210 മീറ്റർ മുതൽ 2560 മീറ്റർ

5. എഴുതോണിപ്പാടം അക്വഡക്ടിന്റെ നിർമ്മാണം

6. ഇലഞ്ഞി ഡിസ്ട്രിബ്യൂട്ടറിയുടെ ചെയ്നേജ് 0 - 3415 മീറ്റർ വരെയുള്ള നിർമ്മാണം.

2. (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി മേശപ്പുറത്തുവച്ച പ്രസംഗം)

1. വികസന ഫണ്ട് :

2014-15 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ട് ഇനത്തിൽ നഗരസഭകൾക്ക് അനുവദിച്ച 1219 കോടി രൂപയിൽ മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് 573 കോടി രൂപയും മുനിസിപ്പാലിറ്റികൾക്ക് 646 കോടി രൂപയും നൽകുകയുണ്ടായി. ഇതിൽ മുനിസിപ്പൽ കോർപ്പറേഷനുകൾ 53 ശതമാനവും മുനിസിപ്പാലിറ്റികൾ 63 ശതമാനവും ചെലവഴിച്ചു. മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് തൃശ്ശൂരും കുറവ് തിരുവനന്തപുരവുമാണ്.

കോട്ടയ്ക്കൽ, നെയ്യാറ്റിൻകര, കാഞ്ഞങ്ങാട്, മഞ്ചേരി, പെരിന്തൽമണ്ണ എന്നീ മുനിസിപ്പാലിറ്റികൾ പദ്ധതി തുക ചെലവഴിച്ചതിൽ മുൻനിരയിലാണ്. വർക്കല നഗരസഭയാണ് പദ്ധതി തുക ഏറ്റവും കുറച്ച് ചെലവഴിച്ചിട്ടുള്ളത്. തലശ്ശേരി, കൂത്തുപറമ്പ്, തളിപ്പറമ്പ്, കളമശ്ശേരി, വടകര, തിരുവല്ല എന്നീ നഗരസഭകൾ 50 ശതമാനത്തിൽ താഴെ മാത്രമാണ് പദ്ധതി തുക ചെലവഴിച്ചത്.

2. പുതിയ നഗരസഭകൾ :

സംസ്ഥാനത്തെ ജനസംഖ്യയിൽ 48 ശതമാനം നഗരപ്രദേശങ്ങളിലാണ് ജീവിക്കുന്നത്. എന്നിട്ടും 60 മുനിസിപ്പാലിറ്റികളും അഞ്ച് കോർപ്പറേഷനുകളും മാത്രമാണ് കേരളത്തിലുണ്ടായിരുന്നത്. നഗര സ്വഭാവം കൈവരിച്ച പ്രദേശങ്ങളിൽ അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങളും വികസനവും ഉറപ്പുവരുത്താൻ നഗരസഭകളായി ഉയർത്തേണ്ടതുണ്ട്. 32 പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കാനും 'കണ്ണൂർ' മുനിസിപ്പാലിറ്റിയെ മുനിസിപ്പൽ കോർപ്പറേഷനായി ഉയർത്താനും തീരുമാനിച്ചത് ഈ സാഹചര്യത്തിലാണ്. കേരളപ്പിറവിക്കുശേഷം ആദ്യമായാണ് ഇത്രയും നഗരസഭകൾ ഒന്നിച്ച് രൂപീകരിച്ചത്. പുതിയ നഗരസഭകൾ കേരളപ്പിറവി ദിനമായ നവംബർ 1-ന് നിലവിൽ വരുന്നതാണ്. അതുപോലെതന്നെ, 1999-ലെ സ്റ്റാഫ് പാറ്റേൺ തന്നെയാണ് ഇപ്പോഴും നഗരസഭകളിലുള്ളത്. ജോലിഭാരം വർദ്ധിച്ചതിനെത്തുടർന്ന് നികുതി പിരിവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ വേണ്ടത്ര

LIBRARY ARCHIVES Kerala Legislative Assembly

കാര്യക്ഷമമല്ല. ഈ സ്ഥിതിവിശേഷം .മാറ്റുന്നതിനായി വരുമാനവും ജോലിഭാരവും വർദ്ധിച്ച നഗരസഭകളുടെ ഗ്രേഡ് സർക്കാർ ഉയർത്തി. ബി ഗ്രേഡിലുള്ള 15 നഗരസഭകളെ എ ഗ്രേഡിലേക്കും സി ഗ്രേഡിലുള്ള 17 നഗരസഭകളെ ബി ഗ്രേഡിലേക്കുമാണ് ഉയർത്തിയത്. അതുവഴി അവരുടെ സ്റ്റാഫ് പ്രോബ്ലം പരിഹരിക്കാം.

3. വസ്തു നികുതി പരിഷ്കരണം :

വാർഷിക വാടക മൂല്യത്തിന് പകരം തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ, വ്യക്തമായ മറ്റ് മാനദണ്ഡങ്ങൾക്കനുസൃതമായി കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നഗരസഭകളിൽ സ്വീകരിച്ചിട്ടുണ്ട്. പുതുക്കിയ ചട്ടപ്രകാരം 2000 ചതുരശ്ര അടിവരെ തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് നികുതി വർദ്ധന ബാധകമല്ല. 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിക്കുമ്പോൾ പരമാവധി നികുതി വർദ്ധന നിലവിലുള്ള നികുതിയുടെ 25 ശതമാനം ആയി നിജപ്പെടുത്തിയിട്ടുണ്ട്. വാണിജ്യ വ്യവസായ കെട്ടിടങ്ങളുടെ വാർഷിക വസ്തു നികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ വാർഷിക വസ്തു നികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

നടപ്പുസാമ്പത്തിക വർഷം മുതൽ 660 ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹ കെട്ടിടങ്ങളെയും വസ്തു നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

4. പരസ്യ നികുതി :

സംസ്ഥാനത്തിന്റെ ആകെ പരസ്യനികുതി വരുമാനം സമീപ സംസ്ഥാനങ്ങളിലെ നഗരങ്ങളിൽനിന്ന് ലഭിക്കുന്നതിനെക്കാൾ കുറവാണ്. കേരളത്തിലെ 65 നഗരസഭകളിൽ നിന്നായി പരസ്യനികുതി ഇനത്തിൽ 6.90 കോടി രൂപ മാത്രമാണ് ലഭിക്കുന്നത്. എന്നാൽ നമ്മുടെ തൊട്ടടുത്തുള്ള കോയമ്പത്തൂർ കോർപ്പറേഷനിൽ മാത്രം ഇത് 22 കോടി രൂപയാണ്. ഹൈദരാബാദ് കോർപ്പറേഷനിൽ 30 കോടി രൂപയും തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ ഒരു ദിവസത്തെ അദാലത്തിലൂടെ 80 ലക്ഷം രൂപ സമാഹരിച്ചത് ശ്രദ്ധേയമാണ്. ക്ലീൻ കേരള കമ്പനി, നഗരസഭകളുടെയും കെ.എസ്.ഇ.ബി., പി.ഡബ്ല്യു.ഡി. എന്നീ വകുപ്പുകളുടെയും സഹകരണത്തോടെ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പദ്ധതി നടപ്പാവുന്നതോടെ പരസ്യ നികുതിയിനത്തിൽ 100 കോടി രൂപയെങ്കിലും ലഭിക്കുമെന്നാണ് പ്രതീക്ഷ.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ ഭാഗമായി നിലവിലെ തെരുവോരങ്ങളിൽ അനുമതിയില്ലാതെ സ്ഥാപിച്ചിട്ടുള്ള ഹോർഡിങ്ങുകളും മറ്റ് ബോർഡുകളും ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ ഉടൻ നീക്കം ചെയ്യുന്നതാണ്.

5. കടകളുടെ ലൈസൻസ് ഫീസ് പരിഷ്കരണം, ട്രേഡ് ലൈസൻസ് :

കടകൾക്കും ഫാക്ടറികൾക്കുമുള്ള ലൈസൻസ് ഫീസ് പരിഷ്കരിക്കുന്നതിനായി കേരള മുനിസിപ്പാലിറ്റി ആക്ട് മുൻ സർക്കാർ ഭേദഗതി ചെയ്തിരുന്നു. ഒരു കടയിലെ ഓരോ സാധനങ്ങൾക്കും നികുതി ഈടാക്കിയതുമൂലം വ്യാപാരികൾക്ക് വലിയ ഭാരം വന്നുവെന്ന പരാതി ഉയർന്ന സാഹചര്യത്തിലാണ് ശാസ്ത്രീയമായി പരിഷ്കരിക്കാൻ തീരുമാനിച്ചത്. ഇതനുസരിച്ച് വാണിജ്യ സ്ഥാപനങ്ങളെ നാല് കാറ്റഗറികളായി തിരിച്ചാണ് ലൈസൻസ് ഏർപ്പെടുത്തിയത്. സൂപ്പർമാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ് തുടങ്ങി കൂടുതൽ അടിസ്ഥാന സൗകര്യങ്ങളും തറ വിസ്തീർണ്ണവുമുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേകമായ ഫീസ് നിരക്കും പച്ചക്കറി, പലചരക്ക്, പഴം തുടങ്ങിയവ വിൽക്കുന്ന കടകൾക്ക് സഞ്ചിത ട്രേഡ് ലൈസൻസും ഏർപ്പെടുത്തി. സ്റ്റുഡിയോ, പ്രസ്സ്, ക്ലിനിക്കൽ ലാബ്, ട്യൂഷൻ സെന്റർ തുടങ്ങിയവയ്ക്ക് ജോബ് സർവ്വീസ് ലൈസൻസാണ് ഇനിമുതൽ ഉണ്ടാവുക. പെട്ടിക്കടകൾ ഉൾപ്പെടെ 7 ചതുരശ്ര മീറ്ററിൽ താഴെയുള്ള കടകൾക്ക് കുറഞ്ഞ നിരക്കിലുള്ള ഫീസും ഏർപ്പെടുത്തി. എല്ലാ കടകൾക്കും ലൈസൻസ് ഏർപ്പെടുത്തി എന്നത് പ്രത്യേകതയാണ്. പെട്ടിക്കടകൾക്കും വലിയ ഫാക്ടറികൾക്കുമുള്ള 'ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ (Dangerous and Offensive License) ക്കുള്ള ലൈസൻസ് എന്ന പേര് ട്രേഡ് ലൈസൻസ് എന്നാക്കി മാറ്റിയിട്ടുണ്ട്.

6. പ്രവാസി വോട്ടവകാശം :

വിദേശ രാജ്യങ്ങളിൽ ജീവിക്കുന്ന മലയാളികൾ സംസ്ഥാനത്തിന്റെ പുരോഗതിയിൽ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ടെങ്കിലും നമ്മുടെ ജനാധിപത്യ പ്രക്രിയയിൽനിന്ന് ഇവരെ അകറ്റി നിർത്തിയിരിക്കുകയാണ്. അന്യരാജ്യങ്ങളിൽ ജീവിക്കുന്ന 18 ലക്ഷം വരുന്ന മലയാളികൾക്ക് ഈ വർഷം നടക്കുന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ടവകാശം നൽകാൻ അവസരം ലഭിക്കുന്നവിധം കേരള മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പ് ചട്ടം ഭേദഗതി ചെയ്യു. പ്രവാസികൾക്ക് വോട്ടവകാശം വിനിയോഗിക്കാൻ എന്തു സംവിധാനം ഉപയോഗപ്പെടുത്തണമെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷി യോഗം ചർച്ച ചെയ്തിരുന്നു. പ്രോക്സി വോട്ടിംഗ് വേണ്ടെന്ന കാര്യത്തിൽ ധാരണയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഓൺലൈൻ വോട്ട് രേഖപ്പെടുത്തുന്നതു സംബന്ധിച്ച് മിക്കവാറും എല്ലാ കക്ഷികളും അനുകൂലമായ സമീപനം അറിയിച്ചിട്ടുണ്ട്. സാങ്കേതിക വശങ്ങൾകൂടി പഠിച്ചശേഷം അഭിപ്രായം അറിയിക്കാമെന്ന് സി.പി.ഐ(എം) അറിയിച്ചിട്ടുണ്ട്. ഏകാഭിപ്രായ മുണ്ടായാൽ ഇക്കാര്യം തെരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കുകയും വരുന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ ഓൺലൈൻ ആയി വോട്ട് രേഖപ്പെടുത്താൻ അവസരം ലഭിക്കുകയും ചെയ്യും.

7. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി :

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് സമാനമായി നഗരസഭകളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നഗര ശുചീകരണത്തിനായി 'Clean my Street' പദ്ധതിക്ക് തുടക്കമാവുകയാണ്. ഓടകളിൽ മലിനജലം കെട്ടിക്കിടക്കുന്നത് ഒഴിവാക്കാനും അനധികൃത പരസ്യബോർഡുകളും മറ്റും നീക്കം ചെയ്യുന്നതിനുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മുനിസിപ്പാലിറ്റികളിൽ ഓരോ വാർഡിലും ഒരാളെയും കോർപ്പറേഷനിൽ ഒരു വാർഡിൽ മൂന്നുപേരെ വീതവും ഇതിന്റെ ഭാഗമായി നിയമിക്കും.

8. തെരുവുനായ്ക്കളുടെ വന്ധ്യംകരണം :

ജനങ്ങളുടെ സ്വൈര്യജീവിതത്തിന് ഭീഷണിയായ തെരുവുനായ്ക്കളെ നിയന്ത്രി ക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾക്ക് സാമ്പത്തികവും സാങ്കേതികവുമായ എല്ലാ സഹായവും നൽകിവരുന്നു. തിരുവനന്തപുരം നഗരത്തിൽ തെരുവുനായ്ക്കളുടെ ശല്യം രൂക്ഷമായിട്ടുണ്ട്. ഇതിനെതിരെ നടപടി എടുക്കാൻ പലതവണ കോർപ്പറേഷനോട് ആവശ്യപ്പെട്ടെങ്കിലും കാര്യമായി ഒന്നും ചെയ്തില്ല. ഇതേത്തുടർന്ന് നഗരകാര്യ വകുപ്പിന് പ്രത്യേക മിഷനറി ഇല്ലാതിരുന്നിട്ടും മൃഗസംരക്ഷണ വകുപ്പിന്റെയും സായിഗ്രാം ഓർഫനേജ് ട്രസ്റ്റിന്റെയും സഹകരണത്തോടെ തെരുവുനായ്ക്കളെ വന്ധ്യം കരിക്കുന്ന പദ്ധതി നടപ്പാക്കി. തിരുവനന്തപുരം കോർപ്പറേഷനിലെ മൂന്ന് വാർഡുകൾ സമ്പൂർണ്ണ പേവിഷബാധമുക്ത വാർഡുകളായിട്ടുണ്ട്. നഗരത്തിൽ 2000 ത്തോളം നായ്ക്കളെ ഇതുവരെ വന്ധ്യംകരിച്ചു. കോഴിക്കോട്, കൊച്ചി കോർപ്പറേഷനുകളിലും ഈ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. നഗരാസൂത്രണ വകുപ്പ് നേരിട്ട് മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് നടപ്പാക്കിയ പദ്ധതി കോർപ്പറേഷൻ ഏറ്റെടുത്ത സാഹചര്യത്തിൽ നിർത്തിവച്ചു. തദ്ദേശ സ്ഥാപനങ്ങൾക്ക് തെരുവുനായ്ക്കളെ നിയന്ത്രിക്കുന്ന പദ്ധതി നടപ്പാക്കാൻ ആവശ്യമായ എല്ലാ സഹായവും നൽകാൻ സർക്കാർ സന്നദ്ധമാണ്. മാത്രമല്ല, അക്രമകാരികളും പേവിഷബാധ വന്നിട്ടുള്ളതുമായ തെരുവുനായ്ക്കളെ കൊല്ലാൻ

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. എല്ലാ സർക്കാർ ആശുപത്രികളിലും ആന്റി റാബീസ് വാക്സിനും മറ്റ് ചികിൽസാ സൗകര്യങ്ങളും ഏർപ്പെടുത്താൻ കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

9. കെ.യു.ആർ.ഡി.എഫ്.സി. :

നഗരസഭകളുടെയും പഞ്ചായത്തുകളുടെയും ആസ്തി വികസിപ്പിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്ന സ്ഥാപനമാണ് കെ.യു.ആർ.ഡി.എഫ്.സി. 1970-ൽ പ്രവർത്തനം ഉടങ്ങിയ ഈ സ്ഥാപനം പ്രതിവർഷം ശരാശരി 10-12 കോടി രൂപയാണ് വിതരണം ചെയ്തിരുന്നതെങ്കിൽ കഴിഞ്ഞ മൂന്നുവർഷമായി ഇത് പതിന്മടങ്ങ് വർദ്ധിച്ചു. 2012-13-ൽ 39 കോടി രൂപയും 2013-14-ൽ 31 കോടി രൂപയും 2014-15-ൽ 61 കോടി രൂപയും തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതികൾ നടപ്പാക്കാൻ വായ്പ നൽകി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 142.57 കോടി രൂപ വിവിധ തദ്ദേശ സ്ഥാപന ങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. മാത്രമല്ല, മുൻവർഷത്തെപ്പോലെ ഈ വർഷവും 5.10 ലക്ഷം രൂപ ഡിവിഡന്റ് ഇനത്തിൽ സർക്കാരിന് നൽകിയിട്ടുണ്ട്.

1. ചെങ്കൽച്ചള ചേരി പുനരധിവാസ പദ്ധതി :

ചെങ്കൽച്ചള (രാജാജി നഗർ) ചേരി പ്രദേശത്തെ താമസക്കാർക്ക് ആരോഗ്യ പൂർണ്ണമായി ജീവിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി. 70 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിരുന്നു. ഈ പ്രദേശത്തെ താമസക്കാർക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുകയും കോളനി പ്രദേശത്ത് ശേഷിക്കുന്ന ഭാഗത്ത് കെ.യു.ആർ.ഡി.എഫ്.സി. വാണിജ്യ സമുച്ചയം നിർമ്മിച്ച് വാടക ഇനത്തിൽ വരുമാനമുണ്ടാക്കുവാനുമാണ് ലക്ഷ്യമിട്ടത്. കോളനിയുടെ പകുതി ഭാഗം ഫ്ലാറ്റുകൾക്കും ബാക്കി വാണിജ്യ സ്ഥാപനങ്ങൾക്കും നീക്കിവയ്ക്കുവാനായിരുന്നു പദ്ധതി. പ്രദേശ വാസികൾ ഇക്കാര്യത്തിൽ താൽപ്പര്യം കാണിച്ചുവെങ്കിലും ചില രാഷ്ട്രീയ കക്ഷികളുടെ എതിർപ്പിനെത്തുടർന്ന് നടപ്പാക്കാൻ സാധിച്ചില്ല. ഈ കക്ഷികൾ പ്രദേശവാസികളുടെ മനസ്സറിഞ്ഞ് നിലപാടെടുത്താൽ ഈ പദ്ധതി നടപ്പാക്കാൻ സാധിക്കുന്നതാണ്.

2. തലചായ്ക്കാനൊരിടം :

ദുർബല ജനവിഭാഗങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന വീട് വയ്ക്കാൻ വായ്പ നൽകുന്ന 'തലചായ്ക്കാനൊരിടം' പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകി. കഴിഞ്ഞ വർഷങ്ങളിൽ 1000 പേർക്ക് വീടുവയ്ക്കുന്നതിനായി പഞ്ചായത്ത്, നഗരസഭകൾവഴി ധനസഹായം വിതരണം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

നഗര-ഗ്രാമാസൂത്രണ വകുപ്പ്

1. റിയൽ എസ്റ്റേറ്റ് (ഡവലപ്പ്മെന്റ് ആന്റ് റഗ്ലേഷൻ) ഓർഡിനൻസ് :

ഫ്ലാറ്റ് നിർമ്മാണ രംഗത്ത് വലിയ തോതിലുള്ള തട്ടിപ്പുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏകദേശം 2000 ത്തോളം കോടി രൂപയുടെ ഇത്തരം തട്ടിപ്പുകൾ നടന്നിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഒരു മൂലധനവുമില്ലാതെ വ്യാജ പരസ്യം നൽകി പണംപിരിച്ച് മറ്റ് പദ്ധതികൾക്ക് വിനിയോഗിക്കുന്ന രീതിയാണ് പലപ്പോഴും കാണുന്നത്. വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി ജീവിത കാലം മുഴുവൻ സ്വരൂപിച്ച സമ്പാദ്യം മുഴുവൻ നൽകി ഒടുവിൽ പണവും വീടും നഷ്ടപ്പെടുന്നുവെന്ന പരാതി വ്യാപകമായി. ഫ്ലാറ്റ് നിർമ്മിച്ച് നൽകിയാൽത്തന്നെയും മോശമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കുക, കരാർ പ്രകാരമുള്ള സൗകര്യങ്ങളിൽ കുറവുവരുത്തുക, ബിൽഡറുടെ ഉടമസ്ഥതയിലല്ലാത്ത സ്ഥലത്ത് നിർമ്മാണം നടത്തുക, പറഞ്ഞ സമയത്ത് നിർമ്മിച്ച് നൽകാതിരിക്കുക തുടങ്ങി അനേകം പരാതികളും ഈ മേഖലയിൽനിന്ന് ഉയർന്നുവന്നു. ഈ സാഹചര്യത്തിലാണ് ഇവ നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരാൻ സർക്കാർ നിർബന്ധിതമായത്. ഫ്ലാറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയടക്കമുള്ള ഗാർഹിക-വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെയും സ്ഥലങ്ങളുടെയും വില്പനയും നിർമ്മാണവും നിയമവിധേയമാക്കുകയും ഈ മേഖലയെ സുതാര്യമാക്കുകയുമാണ് റിയൽ എസ്റ്റേറ്റ് (ഡെവലപ്മെന്റ് & റെഗ്ലേഷൻ) ഓർഡിനൻസ് പാസാക്കുക വഴി സർക്കാർ ചെയ്തത്. ഒരേ സമയം ബിൽഡറുടെയും ഉപഭോക്താക്കളുടെയും താല്പര്യം നിയമംമൂലം പരിരക്ഷിക്കപ്പെടാനും ഫ്ലാറ്റ് നിർമ്മാതാക്കളും ഉടമകളും തമ്മിലുണ്ടാവുന്ന തർക്കങ്ങൾ ഒഴിവാക്കാനും പുതിയ നിയമത്തിലൂടെ സാധിക്കും.

2. കെട്ടിട നിർമ്മാണ പെർമിറ്റ് ഓൺലൈൻ വഴി :

വീടുകൾക്കും കെട്ടിടങ്ങൾക്കും നിർമ്മാണത്തിനുള്ള അനുമതിയ്ക്കായി സാധാരണക്കാർ മാസങ്ങളോളം കയറിയിറങ്ങേണ്ട സ്ഥിതിയാണ് ഉണ്ടായിരുന്നത്. മാത്രമല്ല പെർമിറ്റ് നൽകുന്നതിൽ കൊടിയ അഴിമതിയുണ്ടെന്ന് വ്യാപകമായ ആക്ഷേപവും ഉയർന്നു വന്നു. ഈ സാഹചര്യത്തിലാണ് ഈ സംവിധാനം പൂർണ്ണമായി ഓൺലൈനിലേയ്ക്ക് മാറ്റാൻ സർക്കാർ തീരുമാനിച്ചത്. ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട കാലതാമസം ഇതിലൂടെ ഒഴിവാക്കുന്നതിനും സുതാര്യമാക്കുന്നതിനും സാധിച്ചു. ചില സംസ്ഥാനങ്ങളിൽ മുനിസിപ്പൽ കോർപ്പറേഷനുകളിൽ മാത്രം നടപ്പാക്കിയ ഈ സംവിധാനം എല്ലാ നഗരസഭകളിലും ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനമാണ് കേരളം. ഇത് ജില്ലാ ടൗൺ പ്ലാനർ, സി.ടി.പി. ഓഫീസുകളിലേക്കും ഈ മാസംതന്നെ വ്യാപിപ്പിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

3. കെട്ടിട നിർമ്മാണച്ചട്ടങ്ങളിലെ ഭേദഗതി :

കഴിഞ്ഞ സർക്കാർ കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ നടത്തിയ ഭേദഗതി നിർമ്മാണ മേഖലയെ സാരമായി ബാധിക്കുകയും നിക്ഷേപത്തിൽ വലിയ കുറവ് വരുത്തുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ വിശദമായ പഠനത്തിനും വിലയിരുത്തലിനുംശേഷം ഗുണപരമായ എല്ലാ മാറ്റങ്ങളും ഉൾക്കൊണ്ടുതന്നെ കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ ചില മാറ്റങ്ങൾ വരുത്തി. ഇതുമൂലം നിർമ്മാണ മേഖലയിൽ പുത്തനുണർവുണ്ടാക്കാൻ കഴിഞ്ഞു. ഇതോടെ നിക്ഷേപ സാധ്യതയും വർദ്ധിച്ചു. ഇതിനെതിരെ മുൻ മേയറും മുൻ എം.എൽ.എ.-യുമായ ശ്രീ. ദിനേശ് മണി ഫയൽ ചെയ്ത കേസ് ഹൈക്കോടതി തള്ളിയിട്ടുണ്ട്.

4. മാസ്റ്റർ പ്ലാൻ :

പതിറ്റാണ്ടുകൾക്ക് മുമ്പ് തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളാണ് പല നഗരങ്ങളിലും പിന്തുടരുന്നത്. ആസൂത്രണമില്ലാതെ വളർന്നതിന്റെ പോരായ്മകൾ നമ്മുടെ നഗരങ്ങളിൽ പ്രകടമാണ്. ഗതാഗതക്കുരുക്ക്, പാർക്കിങ്ങിനും മാലിന്യ നിക്ഷേപത്തിനും സ്ഥലമില്ലാത്ത അവസ്ഥ, ശുദ്ധജല വിതരണത്തിലെ അപര്യാപ്തതകൾ തുടങ്ങിയ വയെല്ലാം നഗരങ്ങൾ നേരിടുന്ന വെല്ലുവിളികളാണ്. ഇവ പരിഹരിക്കാൻ ദീർഘ വീക്ഷണത്തോടെ തയ്യാറാക്കുന്ന ബ്ലൂ പ്രിന്റാണ് മാസ്റ്റർ പ്ലാൻ.

ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിൽ (പറവൂർ, ചങ്ങനാശ്ശേരി, വൈക്കം, തലശ്ശേരി, മലപ്പുറം) അഞ്ച് നഗരസഭകളുടെ മാസ്റ്റർ പ്ലാൻ അംഗീകരിച്ചു (കൊല്ലം, കാസർഗോഡ്, പാല, തിരുവനന്തപുരം, പത്തനംതിട്ട, ഗുരുവായൂർ, കണ്ണൂർ, തൃശ്ശൂർ, അടൂർ, വടക്കൻ പരവൂർ, മൂവാറ്റുപുഴ, കൽപ്പറ്റ) 12 പട്ടണങ്ങളുടെ കരട് വികസന രൂപരേഖകൾ പ്രസിദ്ധപ്പെടുത്തി. മറ്റ് നഗര സഭകളുടേത് പ്രസിദ്ധീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

നഗരഗ്രാമാസൂത്രണ വകുപ്പ് കരട് മാസ്റ്റർ പ്ലാനുകൾ അംഗീകാരത്തിനായി നഗരസഭകൾക്ക് അയയ്ക്കുന്നുണ്ടെങ്കിലും ജനപ്രതിനിധികളും നഗരസഭകളും പൂർണ്ണമായി സഹകരിക്കുന്നില്ല. അതിനാൽ മാസ്റ്റർ പ്ലാനുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ മുഴുമിപ്പിക്കാൻ കഴിയുന്നില്ല. സ്ഥല ഉടമസ്ഥർക്ക് അവരവരുടെ താല്പര്യത്തിനനുസരിച്ച് വീടോ കടയോ നിർമ്മിക്കാൻ സാധിക്കുന്നില്ല എന്ന ഗുരുതരമായ അവസ്ഥയാണ് നിലനിൽക്കുന്നത്.

ഉദാഹരണമായി കോഴിക്കോട് -മാവൂർ റോഡ് കടന്നുപോകുന്ന സ്ഥലം നിലവിലെ മാസ്റ്റർ പ്ലാൻ പ്രകാരം റസിഡൻഷ്യൽ സോൺ ആണ്. എന്നാൽ അവിടെ പൂർണ്ണമായും വാണിജ്യ സ്ഥാപനങ്ങളാണെന്ന് കാണാൻ കഴിയും. ഇവിടെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് പെർമ്മിറ്റ് കൊടുക്കാൻ കഴിയില്ല. കാരണം മാസ്റ്റർ പ്ലാൻ പ്രകാരം അത് ഇപ്പോഴും റസിഡൻഷ്യൽ ഏരിയയാണ്. കൊച്ചിയിൽ എൻ.എച്ച്. 47 ബൈപ്പാസ്, സീപോർട്ട്-എയർപോർട്ട് റോഡ് തുടങ്ങിയവയുടെ ഇരുവശങ്ങളും റസിഡൻഷ്യൽ ഏരിയയാണ്. തൃക്കാക്കര, കാക്കനാട് പ്രദേശങ്ങൾ കൂടുതലും കാർഷിക മേഖലയായിട്ടാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ പ്രദേശങ്ങളെല്ലാം High rise residential building, IT Park, Special Economic Zone, Commercial Zone എന്നീ നിലകളിൽ വികസിച്ചു വരുന്നു. തിരുവനന്തപുരത്ത് ഡി.ടി.പി. സ്കീമിൽപ്പെട്ട പ്ലാമൂട് സ്കീമിൽ ഹൈവേയുടെ ഇരുവശവും റസിഡൻഷ്യൽ ഏരിയയാണ്. ഈ പ്രദേശങ്ങളെല്ലാം ഇന്ന് വാണിജ്യ മേഖലകളായി മാറി. അതായത് ഗ്രൗണ്ട് റിയാലിറ്റി മനസ്സിലാക്കാതെയുള്ള നിയമങ്ങളാണ് ഇപ്പോഴും പിന്തുടരുന്നത്. ഇതിനെല്ലാം പുറമെ കേന്ദ്രസർക്കാരിന്റെ സ്മാർട്ട് സിറ്റി, അമൃത് പദ്ധതികൾക്ക് സാമ്പത്തിക സഹായം ലഭിക്കാനുള്ള കണ്ടീഷനാണ് മാസ്റ്റർപ്ലാൻ.

5. <u>അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കൽ :</u>

യു.എ. നമ്പർ ലഭിച്ച ഒരു ലക്ഷത്തിൽപ്പരം കെട്ടിടങ്ങൾ സംസ്ഥാനത്തെ വിവിധ നഗരസഭകളിലായുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ചെറുതും വലുതുമായ തകരാറുകളുള്ള കെട്ടിടങ്ങൾ ഇക്കൂട്ടത്തിലുണ്ട്. ഇവ പൊളിച്ച് മാറ്റുക എന്നത് അപ്രായോഗികമാണ്. ഈ സാഹചര്യത്തിൽ ഭീമമായ ഫീസ് ഈടാക്കിയും വ്യവസ്ഥകൾക്ക് വിധേയമായും ഇവ റഗുലറൈസ് ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ 2010 ൽ ചട്ടങ്ങൾ ഭേദഗതി ചെയ്തു. ഇതേ തുടർന്ന് ഈടാക്കിയ ഫീസ് വളരെ ഉയർന്നതാണെന്ന ആക്ഷേപം വരികയും കാര്യമായ അപേക്ഷകൾ ലഭിക്കാതിരിക്കുകയും ചെയ്തു. സാഹചര്യത്തിൽ 2013-ൽ ന്യായമായ ഫീസ് ഈടാക്കി പരിഷ്കരിച്ചു. ഇപ്പോൾ ധാരാളം അപേക്ഷകൾ വരുന്നുണ്ട്.

6. <u>കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് :</u>

ഐക്യകേരളം രൂപീകൃതമായത് മുതൽ ഏകീകൃത കേരള നഗര-ഗ്രാമാസൂത്രണ നിയമം വേണമെന്ന ആവശ്യം ഉയർന്നിരുന്നു. 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ട്, ട്രാവൻകൂർ-കൊച്ചിൻ ടൗൺ പ്ലാനിംഗ് ആക്ട് 1108, ട്രാവൻകൂർ ടൗൺ ആന്റ്

LIBRARY ARCHIVES Kerala Legislative Assembly

കൺട്രി പ്ലാനിംഗ് ആക്ട് 1120 എന്നിവയാണ് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നത്. മേൽപ്പറഞ്ഞ നിയമങ്ങൾക്ക് പകരമായാണ് പുതിയ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് കൊണ്ടുവന്നത്. ജനാധിപത്യ സമിതികളിലൂടെ നഗര, ഗ്രാമാസൂത്രണം വ്യവസ്ഥ ചെയ്യുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം.

7. കെട്ടിട നിർമ്മാണ വിജിലൻസ് വിഭാഗം :

അനധികൃത നിർമ്മാണങ്ങൾ വ്യാപകമായ സാഹചര്യത്തിൽ ചീഫ് ടൗൺ പ്ലാനറുടെ നേതൃത്വത്തിൽ 16 തസ്തികകൾ ഉൾപ്പെടുത്തി വിജിലൻസ് വിംഗ് രൂപീകരിച്ചു. ഇവർക്ക് ലഭിച്ച പരാതികളുടെയും, മിന്നൽ പരിശോധനയുടേയും അടിസ്ഥാനത്തിൽ 1558 അനധികൃത നിർമ്മാണങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ഇതുവരെ 137 എൻജിനീയർ/ഓവർസീയർമാർക്കെതിരേയും 63 ആർകിടെക്ട് ലൈസൻസികൾക്കെതിരേയും, 62 തദ്ദേശഭരണസ്ഥാപന സെക്രട്ടറിമാർക്കെതിരേയും വിശദീകരണം ആവശ്യപ്പെട്ട് നടപടി സ്വീകരിക്കുന്നതിനായി ശിപാർശ നൽകിയിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ ഒരു പരിധിവരെ ഇല്ലാതാക്കുന്നതിന് ഈ നടപടികളിലൂടെ സാധിച്ചിട്ടുണ്ട്.

8. റീഡെവലപ്മെന്റ് പ്ലാൻ & ഡവലപ്മെന്റ് അതോറിറ്റി :

സംസ്ഥാനത്ത് രണ്ട് വികസന അതോറിറ്റികളാണ് നിലവിലുണ്ടായിരുന്നത്. ഒന്ന് തിരുവനന്തപുരം മറ്റൊന്ന് കൊച്ചി. ഈ സർക്കാർ അധികാരമേറ്റശേഷം കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, വള്ളുവനാട് വികസന അതോറിറ്റികൾ രൂപീകരിച്ചു. ജി.സി.ഡി.എ. കൊച്ചിയിലും പരിസരത്തുമായി കെട്ടുവള്ളം പാലം, മറൈൻ ഡ്രൈവ് വാക്ക് വേ വിപുലീകരണം, ലേസർ ഷോ, കടവന്ത്ര മാർക്കറ്റ് പാലം, കാക്കനാട്, പനമ്പള്ളി നഗർ, രാമേശ്വരം എന്നിവിടങ്ങളിലെ അപ്പാർട്ട്മെന്റ് നിർമ്മാണം തുടങ്ങി ഒട്ടേറെ പദ്ധതികൾ നടപ്പാക്കി. ഫ്ളൈ ഓവർ, റോഡ് വികസനത്തിന്റെ ഭാഗമായുള്ള റീഹാബിലിറ്റേഷൻ, കഴക്കൂട്ടത്തും മെഡിക്കൽ കോളേജിലും ട്രേഡ് സെന്ററുകൾ തുടങ്ങിയവ ടിഡയുടെ നേതൃത്വത്തിൽ നടപ്പാക്കിയ ചിലതാണ്. സി.ഡി.എ. മൾട്ടിലെവൽ പാർക്കിംഗ് പ്ലാസാ, വനിതാ ഹോസ്റ്റൽ, ബേപ്പൂർ വെയർ ഹൗസിംഗ് കോംപ്ലക്സ് വികസനം, മാവൂർ റോഡ് വികസനം തുടങ്ങിയവ നടപ്പാക്കിവരുന്നു. നഗര സൗന്ദര്യവത്ക്കരണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ വള്ളുവനാട് വികസന അതോറിറ്റി നടപ്പാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നഗരങ്ങളുടെ രൂപഭംഗി നശിപ്പിക്കുന്നതും ജീർണ്ണാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയവ പണിയുന്നതിന് കെട്ടിട ഉടമകൾ ഒരുമിച്ച് പദ്ധതി സമർപ്പിച്ചാൽ വികസന അതോറിറ്റികളുടെ നേതൃത്വത്തിൽ ഇതിനായി സാമ്പത്തിക സഹായങ്ങൾ നൽകും. തിരുവനന്തപുരത്ത് ചാലയിലും കോഴിക്കോട് മിഠായിത്തെരുവിലും തീ പിടിത്തത്തിൽ നശിച്ചുപോയ കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിനായി റീ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് അതാത് വികസന അതോറിറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഴകിയതും അപകടാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങൾ നിബന്ധനകൾക്ക് വിധേയമായി മാറ്റി പണിയാൻ വികസന അതോറിറ്റികൾ അവസരമൊരുക്കും.

പാർട്ണർ കേരള മിഷൻ

നഗരസ്വഭാവം കൈവരിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ മിക്ക നഗരസഭകളും സാമ്പത്തികമായി ഭേദപ്പെട്ട നിലയിലല്ല. അതിനാൽ പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ (പി.പി.പി.) സേവന മേഖല കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ തീരുമാനിച്ചു. ബസ് സ്റ്റാന്റുകൾ, ഷോപ്പിംങ് കോംപ്ലക്സുകൾ, ഫ്ളൈ ഓവറുകൾ, ഡയഗ്നോസ്റ്റിക് കേന്ദ്രങ്ങൾ, കംഫർട്ട് സ്റ്റേഷനുകൾ, മാലിന്യ സംസ്കരണ പദ്ധതികൾ, സ്ലോട്ടർ ഹൗസുകൾ തുടങ്ങി പൊതുജനത്തിന് നേരിട്ട് ആവശ്യമായ പദ്ധതികളാണ് പാർട്ണർ കേരളയിൽ ഉള്ളത്. ഇത്തരം ഒരു പദ്ധതി രാജ്യത്ത് ആദ്യമാണ്. മുസൂറി സിവിൽ സർവ്വീസ് അക്കാദമിയിലെ ട്രെയിനികൾക്കായി പി.പി.പി.-യെക്കുറിച്ചുള്ള പ്രബന്ധം അവതരിപ്പിക്കാൻ സംസ്ഥാനത്തെ നഗരകാര്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെ ക്ഷണിച്ചത് പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതിയുടെ പ്രാധാന്യത്തെ ഉയർത്തിക്കാട്ടുന്നു. രാജ്യത്തിനാകെ മാതൃകയായ ഈ പദ്ധതി വേഗത്തിൽ നടപ്പാക്കുന്നതിനായി പാർട്ണർ കേരള മിഷൻ രൂപവൽക്കരിച്ചിട്ടുണ്ട്.

പാർട്ട്ണർ കേരള സംഗമത്തിൽ അവതരിപ്പിച്ച 108 പദ്ധതികളിൽ 23 പദ്ധതികളുടെ ഫീസിബിലിറ്റി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇതിൽ 1500 കോടി രൂപയുടെ 17 പദ്ധതികൾക്ക് ആർ. എഫ്. കൃ. ക്ഷണിച്ച് കഴിഞ്ഞു. അടുത്ത പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് നഗരസഭകളിൽ ഏതാണ്ട് 30,000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ്, പി.പി.പി. പദ്ധതികളിലൂടെ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.യു.ഡി.പി.

നഗരങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2007-ൽ തുടങ്ങിയ സുസ്ഥിര നഗര വികസന പദ്ധതി അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകളിലായി 1422 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കിവരുന്നു. ശുദ്ധജല പദ്ധതികൾ, സ്വീവേജ്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, റോഡ് വികസന പദ്ധതികൾ, ഡ്രെയിനേജ് വികസനം തുടങ്ങിയ മേഖലയിലാണ് പ്രധാനമായും പദ്ധതികൾ നടപ്പാക്കുന്നത്. ആകെയുള്ള 65 പദ്ധതികളിൽ 46 എണ്ണം പൂർത്തീയായി ക്കഴിഞ്ഞു. 19 പദ്ധതികൾ പുരോഗമിച്ചുവരുന്നു. രാജ്യത്തിനാകെ മാതൃകയായി പ്രതിദിനം 107 എംഎൽഡി ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് തിരുവനന്തപുരം മുട്ടത്തറയിൽ പൂർത്തിയായി. 100 കോടിയോളം രൂപ ചെലവിലാണ് ഈ ബൃഹത് പദ്ധതി പൂർത്തിയാക്കിയത്. ഇന്ത്യയിൽ തന്നെ ആദ്യത്തെ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കൊച്ചി ബ്രഹ്മപുരത്ത് പൂർത്തിയായി. ട്രയൽ റൺ നടന്നുവരുന്നു.

കൊച്ചി, ആലുവ, കൊല്ലം, തൃശ്ശൂർ എന്നീ ശുദ്ധജല പദ്ധതികൾ പൂർത്തി യാക്കിയത് 75 കോടി രൂപ ചെലവിലാണ്. 152 കോടി രൂപയുടെ റോഡ് വികസന പദ്ധതികൾ അഞ്ച് നഗരങ്ങളിലായി നടപ്പാക്കിക്കഴിഞ്ഞു. 11 കോടി രൂപ ചെലവിൽ കൊല്ലം ചിന്നക്കടയിൽ അണ്ടർപാസ് പ്രവർത്തനക്ഷമമായി. എ.ഡി.ബി. സഹായത്തോടെ കൊല്ലം, കോഴിക്കോട് നഗരങ്ങളിൽ 16 കോടി രൂപയുടെ ഡ്രെയിനേജ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ജെ.എൻ.എൻ. യു.ആർ.എം. (ജൻറം) പദ്ധതിവഴി 333 കോടി രൂപയുടേയും, യു.ഐ.ഡി.എസ്.എസ്.എം.ടി (യുഡിസ്മാറ്റ്) വഴി 318 കോടി രൂപയുടേയും, എ.ഡി.ബി. ധനസഹായത്തോടെയുള്ള 20 കോടി രൂപയുടേയും ശുദ്ധജല പദ്ധതികൾ പൂർത്തീകരണഘട്ടത്തിലാണ്. അടുത്തവർഷം ജൂൺ 30-നകം എല്ലാ പദ്ധതികളും പൂർത്തിയാക്കേണ്ടതുണ്ട്.

കൊച്ചിയിൽ ബ്രഹ്മപുരത്ത് പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന മാലിന്യ നിർമ്മാർജ്ജനപ്ലാന്റിന്റെ നിർമ്മാണത്തിനുള്ള ആർ.എഫ്.പി. സർക്കാർ അംഗീകരിക്കുകയും തുടർ നടപടികൾ കൈക്കൊള്ളുവാൻ കൊച്ചി കോർപ്പറേഷന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ജെ.എൻ.എൻ.യു.ആർ.എം.

സംസ്ഥാനത്ത് നഗര ഗതാഗതത്തിന് ആഡംബരം നൽകിയ ബസ്സുകളാണ് ജൻറം ലോ-ഫ്ളോർ ബസ്സുകൾ. 2010-ൽ തിരുവനന്തപുരത്തും കൊച്ചിയിലും ലോ-ഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തി. രണ്ടാം ഘട്ടത്തിൽ 105 എ.സി. ലോ-ഫ്ളോർ

ബസുകളും 54 നോൺ എ.സി. ലോ-ഫ്ളോർ ബസുകളും വാങ്ങിയിട്ടുണ്ട്. കാസർഗോഡ് മുതൽ കോട്ടയം വരെയുള്ള പ്രധാന നഗരങ്ങളിൽ കെ.യു.ആർ.ടി.സി.യ്ക്ക് കീഴിൽ ഇവ ഭംഗിയായി സർവ്വീസ് നടത്തിവരികയാണ്.

അർബൻ 2020

നഗരങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ ഫണ്ടുകൾ കേന്ദ്രസർക്കാരിൽനിന്നും മറ്റ് ഏജൻസികളിൽനിന്നും നേടിയെടുക്കുന്നതിന് നേരിടുന്ന ഏറ്റവും പ്രധാന തടസ്സങ്ങളിലൊന്ന് യോഗ്യമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അഭാവമാണ്. ഈ പോരായ്മ പരിഹരിക്കാൻ നഗരകാര്യ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് "അർബൻ 2020 പദ്ധതി". 2020 ആകുമ്പോഴേക്കും നഗരങ്ങളിൽ ഏതൊക്കെ വികസന പദ്ധതികൾ നടപ്പാക്കണമെന്ന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പ്രൊഫഷണൽ രീതിയിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിന് സർക്കാർ നേരിട്ട് പദ്ധതി തയ്യാറാക്കുന്നതും രാജ്യത്ത് ആദ്യമാണ്.

ഇതിലേയ്ക്കായി നഗരസഭകളിൽനിന്ന് 120-ൽപ്പരം പദ്ധതികൾ സമർപ്പിക്കപ്പെട്ടു. ആദ്യഘട്ടമായി 30 നഗരസഭകളുടെ 1115 കോടി അടങ്കലുള്ള 42 പദ്ധതികൾക്ക് സംസ്ഥാനതല ഡി.പി.ആർ കമ്മിറ്റി അംഗീകാരം നൽകി. ഇതുമായി ബന്ധപ്പെട്ട് കെ.എസ്.യു.ഡി.പി, നഗരസഭ, കൺസൾട്ടൻസി എന്നിവർ ചേർന്നുള്ള ത്രികക്ഷി കരാർ കഴിഞ്ഞ ജൂലൈ 7-ാം തീയതി ഒപ്പുവച്ചു. ഈ പദ്ധതികൾ പ്രായോഗികമാക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം വിവിധ ഏജൻസികളിൽനിന്ന് നേടിയെടുക്കുന്നതിന് നഗരവികസന പദ്ധതികളുടെ സംസ്ഥാനതല നോഡൽ ഏജൻസിയായ കെ.എസ്.യു.ഡി.പി.-യുടെ സഹായം നഗരസഭകൾക്ക് പ്രയോജനപ്പെടുത്താനാകും. വരുന്ന ഒരു വർഷത്തിനുള്ളിൽ 3000 കോടി രൂപയുടെ ഡി.പി.ആർ.-കൾ അർബൻ 2020 പദ്ധതിയിൻ കീഴിൽ തയ്യാറാക്കുന്നതിനാണ് നഗരവികസന വകുപ്പ് ലക്ഷ്യമിട്ടിട്ടുള്ളത്.

നഗരജ്യോതി പദ്ധതി

നമ്മുടെ നഗരസഭകൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് തെരുവ് വിളക്കുകൾ സ്ഥാപിക്കലും അതിന്റെ മെയിന്റനൻസും. തെരുവ് വിളക്കുകൾ കത്താതിരിക്കുന്നത് പ്രാദേശികമായി പലപ്പോഴും സംഘർഷങ്ങൾക്കുവരെ ഇടയാക്കുന്നുണ്ട്. ഇത് പരിഹരിക്കാനാണ് 'നഗരജ്യോതി പദ്ധതി' നടപ്പാക്കുന്നത്. നമ്മുടെ നഗരസഭകളിലെ തെരുവുവിളക്കുകൾ പ്രതിവർഷം 307 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുകയും 90 കോടി രൂപ ചെലവാക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴുള്ള ലൈറ്റുകൾക്ക് പകരം എൽ.ഇ.ഡി. സ്ഥാപിച്ചാൽ വൈദ്യുതി ഉപയോഗം 60 ശതമാനത്തോളം കുറയും. ഇങ്ങനെ 55 കോടിയോളം രൂപ നഗരസഭകൾക്ക് ലാഭിക്കാനും കഴിയും. സബ്സിഡി ഇനത്തിലുള്ള വൈദ്യുതിയായതിനാൽ കെ.എസ്.ഇ.ബി.-ക്കും ഇത് വലിയ ആശ്വാസമാണ് നൽകുക.

അമൃത്

കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ പറഞ്ഞ മാനദണ്ഡങ്ങൾ അനുസരിച്ച് 7 നഗരങ്ങളെ സ്മാർട്ട് സിറ്റികളായി പ്രഖ്യാപിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. പക്ഷേ മുന്നറിയിപ്പില്ലാതെ മാനദണ്ഡങ്ങൾ മാറ്റിയതിനാൽ കേരളത്തിൽനിന്ന് സ്മാർട്ട് സിറ്റിയിൽ ഒരു നഗരം മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. " മൃത് " പദ്ധതിയിൽ സംസ്ഥാനത്തെ 17 നഗരങ്ങളുണ്ട്. എന്നാൽ ഹെറിറ്റേജ് സിറ്റികളുടെ ഗണത്തിൽ കേരളത്തിലെ ഒരു നഗരത്തേയും ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ പ്രഖ്യാപന ദിവസംതന്നെ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനുള്ള ശക്തമായ പ്രതിഷേധം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഗുരുവായൂർ, കാലടി എന്നിവ ഉൾപ്പെടെ സംസ്ഥാനത്തെ 7 നഗരങ്ങളെക്കൂടി ഹെറിറ്റേജ് സിറ്റികളായി പ്രഖ്യാപിച്ച് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രധാനമന്ത്രി, കേന്ദ്ര നഗരകാര്യ വകുപ്പുമന്ത്രി എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ നടപടികളും അടിയന്തരമായി കൈക്കൊള്ളുന്നതാണ്.

ക്ലീൻ കേരള കമ്പനി

നഗരങ്ങളിലെ ശുചിത്വ പരിപാലനത്തിനും പ്രകൃതി സൗഹൃദവും സ്വയം പര്യാപ്തവുമായ രീതിയിൽ മാലിന്യങ്ങളുടെ ശേഖരണവും സംസ്കരണവും നടത്തുന്നതിനായി രൂപവൽക്കരിച്ച ക്ലീൻ കേരള കമ്പനി ഇതിനകം ഈ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടപ്പാക്കി.

പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണം

സംസ്ഥാനത്തെ ആദ്യത്തെ പ്ലാസ്റ്റിക് പ്രോസസ്സിംഗ് പ്ലാന്റ് കൊച്ചി നഗരസഭയിൽ സ്ഥാപിക്കുവാനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ മറ്റു നഗരസഭകളിലും ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. നഗരസഭകളിൽനിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ കിലോയ്ക്ക് 2 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനി സ്വീകരിക്കുന്നുണ്ട്. ഇതുവരെ 134 ടൺ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചു. കൊച്ചി കാക്കനാട് പി.ഡബ്ല്യു.ഡി.-യുമായി സഹകരിച്ച് 2 കിലോമീറ്റർ റോഡ് ടാറിംഗ് പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണം

ഇന്ത്യയിൽത്തന്നെ ആദ്യമായി സർക്കാർതലത്തിൽ ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നു. കിലോയ്ക്ക് അഞ്ചുരൂപ നിരക്കിൽ ഇതുവരെ 115 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ചു. ഉപയോഗശൂന്യമായ സി.എഫ്.എൽ. ബൾബുകൾ, സി.ഡി, ട്യൂബ് ലൈറ്റ് തുടങ്ങിയവ ഏറ്റെടുക്കുകയും ചെയ്യുന്നുണ്ട്. ഇ-മാലിന്യങ്ങൾ റീ-സൈക്ലിംഗ് ചെയ്യുന്നതിനായുള്ള പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ സാക്ഷ്യപത്രമുള്ള ഏജൻസികളിൽനിന്ന് ടെണ്ടറുകൾ ക്ഷണിച്ചു

ഇലക്ട്രോണിക്, ഇലക്ട്രിക്കൽ മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യാനുതകുന്ന സംവിധാനം നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നില്ല. അശാസ്ത്രീയമായ സംസ്കരണരീതി പരിസ്ഥിതിക്ക് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യമാണ് നിലവിൽ ഉണ്ടായിരുന്നത്. ഈ സ്ഥിതിയാണ് ക്ലീൻ കേരള കമ്പനി മാറ്റിയെടുക്കുന്നത്.

നഗര സൗന്ദര്യവൽക്കരണ പദ്ധതി

കെ.എസ്.ഇ.ബി.-യുമായി ചേർന്ന് നടപ്പിലാക്കുന്ന നഗര സൗന്ദര്യവൽക്കരണ പദ്ധതിയുടെ ഭാഗമായി അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ് ബോർഡുകൾ നീക്കം ചെയ്ത് മെറ്റാലിക് പരസ്യ ബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതി ഈ വർഷം ജനുവരി 15 മുതൽ ആരംഭിക്കുകയുണ്ടായി. ഇതുവരെ സംസ്ഥാനത്തെ ഏഴ് ജില്ലകളിൽ അഞ്ചു നഗരസഭകളിലും 37 മുനിസിപ്പാലിറ്റികളിലുമായി 3000 പരസ്യ ബോർഡുകൾ സ്ഥാപിച്ചു. ഈ ഇനത്തിൽ 17,00,000 രൂപ കമ്പനിക്ക് ലഭിക്കുകയുണ്ടായി. സംസ്ഥാനത്ത് നടന്ന നാഷണൽ ഗെയിംസിന്റെ പരസ്യം ഈ ബോർഡുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ അടുത്ത ഘട്ടമായി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും പരസ്യബോർഡുകൾ സ്ഥാപിക്കുവാനുള്ള നടപടി പൂർത്തിയായിവരുന്നു. ഇതിന്റെ ആദ്യ പടിയായി അഞ്ച് കോർപ്പറേഷനുകളിലും 21 ബ്ലോക്ക് പഞ്ചായത്തുകളിലും 2550 ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. ഇതുവഴി 1,27,06,200 രൂപ കമ്പനിക്ക് ലഭിക്കുന്നതാണ്.

റെയിൽവെ പ്ലാറ്റ്ഫോം നിർമ്മാണം

തിരുവനന്തപുരം റെയിൽവെ ഡിവിഷനുകീഴിലുള്ള റെയിൽവെ സ്റ്റേഷനുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമുന്നോടിയായി തിരുവനന്തപുരം പേട്ട റെയിൽവെസ്റ്റേഷന്റെ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും വിജയകരമായി നടപ്പാക്കുകയും ചെയ്തു. തുടർന്ന് ചിറയിൻകീഴ്, ഇടവ, കണിയാപുരം, ബാലരാമപുരം മുതലായ സ്റ്റേഷനുകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, മോഡേൺ ക്രിമറ്റോറിയം, മോഡേൺ സ്ലോട്ടർ ഹൗസുകൾ, പോൾട്രി വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ്

സംസ്ഥാനത്തെ ഒട്ടുമിക്ക നഗരസഭകളുടെയും മുനിസിപ്പാലിറ്റികളുടെയും ആവശ്യം പരിഗണിച്ച് ക്ലീൻ കേരള കമ്പനി സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, മോഡേൺ ക്രിമറ്റോറിയം, മോഡേൺ സ്ലോട്ടർ ഹൗസുകൾ, പോൾട്രി ട്രീറ്റ്മെന്റ് പ്ലാന്റ്, പൈറോലിസിസ് ഓയിൽ ഉൽപ്പാദന യൂണിറ്റ് എന്നിവയുടെ സ്ഥാപനത്തിനായി താൽപ്പര്യപത്രം ക്ഷണിക്കുകയും തുടർ നടപടികൾ പൂർത്തിയായി വരികയും ചെയ്യുന്നു.

കുടുംബശ്രീ

കുടുംബശ്രീ മുഖേനയുള്ള നഗരവികസന പദ്ധതികൾ

കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളിലെ വികസന പരിപാടികളുടെ കരട് തയ്യാറായി. കൊച്ചി കോർപ്പറേഷനിലെ പരിപാടി തയ്യാറാക്കൽ പുരോഗമിക്കുന്നു.

1. ആർ. എ. വൈ :

കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നഗരങ്ങളിലെ ചേരികൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി രാജീവ് ആവാസ് യോജന പദ്ധതി നടപ്പാക്കി. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനുകളിലായി 158 കോടി രൂപ ചെലവിൽ 1338 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

തിരുവനന്തപുരം കോർപ്പറേഷനിലെ ഹാർബർ വാർഡിലെ മതിപ്പുറം ചേരിയുടെ വികസനത്തിനായി കേന്ദ്രസർക്കാർ അംഗീകരിച്ച 71.86 കോടി രൂപയുടെ പ്രോജക്ടിൽ 1032 വീടുകളാണുള്ളത്. ഇതിൽ 83 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി, 320 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

കൊല്ലത്ത് 175 കോടി രൂപയുടെ SMP പാലസ് പൈലറ്റ് പദ്ധതിയുടെ പണി തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 280 കുടുംബങ്ങൾക്കാണ് ഇതിന്റെ പ്രയോജനം. കൊച്ചിയിൽ 755 കുടുംബങ്ങൾക്കുള്ള 68 കോടി രൂപയുടെ തുരുത്തി പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിച്ചുകഴിഞ്ഞു. 5 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. 1.34 കോടി രൂപയുടെ തൃശ്ശൂർ നെല്ലങ്കര ലക്ഷംവീട് കോളനി പദ്ധതി, 1.88 കോടി രൂപയുടെ കോഴിക്കോട് മാലൂർകുന്ന് പദ്ധതി എന്നിവയുടെ പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. ബേസിക് സർവ്വീസസ് ഫോർ അർബൻ പൂവർ (ബി. എസ്. യു. പി) :

ചേരി നിർമ്മാർജ്ജനത്തിനായി കേന്ദ്രസർക്കാർ അംഗീകാരം ലഭിച്ച 343 കോടി രൂപയുടെ തിരുവനന്തപുരം പ്രോജക്ടിൽ 8111 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും 1635 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. വീടുകളുടെ നവീകരണത്തിൽ 397 എണ്ണം പൂർത്തിയാക്കുകയും 52 എണ്ണം പുരോഗമിക്കുകയും ചെയ്യുന്നു.

226 കോടി രൂപയുടെ കൊച്ചി പ്രോജക്ടിൽ 7447 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും 1050 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. വീടുകളുടെ നവീകരണത്തിൽ 357 എണ്ണം പൂർത്തിയാക്കുകയും 11 എണ്ണം പുരോഗമിക്കുകയും ചെയ്യുന്നു.

3. സംയോജിത പാർപ്പിട ചേരി വികസന പരിപാടി (ഐ.എച്ച്.എസ്.ഡി.പി) :

273.32 കോടി രൂപയുടെ കേന്ദ്ര പദ്ധതി പ്രകാരം 53 പ്രോജക്ടുകളിലായി 7598 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും 1524 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. വീടുകളുടെ നവീകരണത്തിൽ 10,560 എണ്ണം പൂർത്തിയാക്കുകയും 443 എണ്ണം പുരോഗമിക്കുകയും ചെയ്യുന്നു. ബി.എസ്.യു.പി./ ഐ.എച്ച്.എസ്.ഡി.പി. പദ്ധതികളുടെ കാലാവധി 2017 മാർച്ച് വരെ നീട്ടിയിട്ടുണ്ട്.

എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെ Pradhaan Manthri Avaas Yojana 'Housing for All' എന്ന പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ സംസ്ഥാനത്ത് പുരോഗമിച്ചുവരുന്നു.

4. ഇന്ററസ്റ്റ് സബ്സിഡി സ്കീം ഫോർ ഹൗസിംഗ് ദി അർബൻ പൂവർ (ഐ.എസ്.എച്ച്.യു.പി.) :

സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും നടപ്പിലാക്കിവന്നിരുന്ന ഭവന നിർമ്മാണ പദ്ധതിയായ ഐ.എസ്.എച്ച്.യു.പി.-യുടെ കേന്ദ്രസർക്കാർ സബ്സിഡി ഗുണഭോക്താക്കൾക്ക് ഇതുവരെ ലഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതി പ്രകാരം 2,456 പേർക്ക് ഭവന നിർമ്മാണത്തിനും ഭവനം വാങ്ങുന്നതിനും ഭവന വിപുലീകരണത്തിനും 25.64 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. കേരളത്തിലെ വിവിധ ബാങ്കുകൾ പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്.

5. നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ (എൻ.യു.എൽ.എം.) :

നഗരങ്ങളിൽ ഭവനരഹിതർക്ക് പാർപ്പിടമൊരുക്കുന്നതിനുള്ള ഏജൻസിയാണ് എൻ.യു.എൽ.എം. തിരുവനന്തപുരം കരിമഠം കോളനിയിൽ ഭവന പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കുന്നതിനായി 7.13 കോടി രൂപ, കൊച്ചി നഗരസഭയിലെ പള്ളുരുത്തി റിലീഫ് സെന്റർ-50 ലക്ഷം രൂപ, തൃശ്ശൂർ രാമവർമ്മപുരം അഗതി മന്ദിരം - 29 ലക്ഷം രൂപ, കൊല്ലം മുണ്ടക്കൽ പൂവർഹോം-44 ലക്ഷം രൂപ എന്നീ പദ്ധതികൾക്ക് സംസ്ഥാന തല പദ്ധതി അംഗീകാര കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്.

ഇതിനുപുറമെ വഴിയോര കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും പദ്ധതി തയ്യാറാക്കിവരുന്നു. ആയതിന്റെ ആദ്യഘട്ടമായി ബൃഹത്തായ ഒരു സർവ്വേ ഉടനടി നടത്തുന്നതാണ്. നഗരവാസികൾക്ക് തൊഴിലുറപ്പ് വരുത്തുന്നതിനായി തൊഴിൽരഹിതർക്ക് പ്രത്യേക പരിശീലനവും തുടർന്ന് തൊഴിലും നൽകുന്നതാണ്. നിലവിൽ ജില്ലാ ആസ്ഥാനങ്ങളായുള്ള നഗരസഭയിലും ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഭയിലുമാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരത്തിൽ 14 നഗരസഭകളിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

ശുചിത്വ മിഷൻ

1. മഴക്കാല പൂർവ്വ ശുചീകരണം :

കോർപ്പറേഷനിലെ ഓരോ വാർഡിനും 20,000 രൂപയും മുനിസിപ്പാലിറ്റി .യിലെ ഓരോ വാർഡിനും 10,000 രൂപയും എന്ന തോതിൽ 5.42 കോടി രൂപ ചെലവഴിച്ചു.

2. ഉറവിട മാലിന്യ സംസ്കരണം :

59 നഗരസഭകൾക്കും 5 മുനിസിപ്പൽ കോർപ്പറേഷനുകൾക്കും 28.71 കോടി രൂപയുടെ സാങ്കേതിക സഹായവും സാമ്പത്തിക സഹായവും.

3. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ :

50 ശതമാനം സർക്കാർ സഹായം, 25 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം.

4. കമ്പോസ്റ്റ് സംവിധാനങ്ങൾ സ്ഥാപിക്കൽ :

75 ശതമാനം സർക്കാർ സഹായം, 15 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം.

5. മാലിന്യ സംസ്കരണ സംവിധാനം :

100 ശതമാനം സഹായം - 46 നഗരസഭകൾക്ക് 28.62 കോടി രൂപ അനുവദിച്ചു. (അംഗീകരിച്ച പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ)

6. ആധുനിക അറവുശാല നിർമ്മാണം :

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി തയ്യാറാക്കി സമർപ്പിച്ച 22 നഗരസഭകൾക്കും 2 കോർപ്പറേഷനുകൾക്കും സാങ്കേതിക സഹായം നൽകി.

7. <u>വീട്ടുകരത്തിൽ ഇളവ് :</u>

ഉറവിട മാലിന്യ സംസ്കരണ പദ്ധതികളിൽ ഉൾപ്പെടുത്തി മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്ന വീടുകൾക്ക് 10% ഇളവ്.

സ്വച്ഛ് ഭാരത് മിഷൻ (അർബൻ)

സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതി 2-10-2014 മുതൽ രാജ്യത്തിലെ എല്ലാ നഗരപ്രദേശങ്ങളിലും നിലവിൽ വന്നിരിക്കുകയാണ്. രാഷ്ട്രപിതാവായ മഹാത്മജിയുടെ 150-ാം ജന്മവാർഷികമായ 2-10-2019-ഓടുകൂടി ഭാരതം പൂർണ്ണമായും ശുചിത്വമാകണമെന്നും പൗരന്മാർക്ക് ആരോഗ്യപ്രദമായ അന്തരീക്ഷത്തിൽ ജീവിക്കാനാകണമെന്നുള്ള ലക്ഷ്യത്തോടെയാണ് കേന്ദ്ര സർക്കാർ പരിപാടി നടപ്പിലാക്കുന്നത്.

പദ്ധതിയുടെ 75 ശതമാനം തുക കേന്ദ്രസർക്കാരും 25 ശതമാനം തുക സംസ്ഥാന സർക്കാരുമാണ് വഹിക്കേണ്ടത്. ഗാർഹിക ശൗചാലയങ്ങളുടെ നിർമ്മാണത്തിന് കേന്ദ്രസഹായമായി 4,000 രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 1333 രൂപയും ചേർത്ത് ആകെ 5333 രൂപയാണ് ഗുണഭോക്താവിന് ലഭ്യമാകുന്നത്. ഈയിനത്തിൽ കേന്ദ്രസഹായമായി 19.8 കോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ഗാർഹിക ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് ഈ തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതി പ്രാവർത്തികമാക്കുന്നതിന് അധിക തുക കണ്ടെത്തേണ്ടിവരും. കമ്മ്യൂണിറ്റി ശൗചാലയങ്ങളുടെ നിർമ്മിതിക്ക് 40% വി.ജി.എഫ്./ ഗ്രാന്റായിട്ടാണ് കേന്ദ്ര സഹായം നല്കുന്നത്.

ഉപസംഹാരം

ഭരണഘടനയുടെ 73, 74 ഭേദഗതികൾ പ്രകാരം നിരവധി ചുമതലകൾ തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കപ്പെട്ടു എന്നാൽ പ്രധാനപ്പെട്ട പല മേഖലകളിലും ഉദ്ദേശിച്ച രീതിയിലുള്ള പ്രവർത്തനമോ/പുരോഗതിയോ കൈവരിക്കാനായിട്ടില്ല എന്നുള്ളതാണ് വസ്തുത. തദ്ദേശഭരണസ്ഥാപനങ്ങൾക്കുമാത്രമായി ചെയ്യാൻ കഴിയാത്ത നിരവധി മേഖലകളുണ്ട് എന്നാണ് അനുഭവങ്ങൾ തെളിയിക്കുന്നത്.

ഫുഡ് സേഫ്റ്റി, സ്വിവറേജ്, കടിവെള്ള പദ്ധതികൾ, ഡ്രെയിനേജ്, റോഡ്, വേസ്റ്റ് മാനേജ്മെന്റ് എന്നീ പ്രധാനപ്പെട്ട പല മേഖലകളിലും ശരിയായ രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഈ മേഖലകളിൽ ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ സർക്കാരിന്റെ നിരന്തരമായ ഇടപെടൽ ആവശ്യമായിവരുന്നു. മതിയായ ആസൂത്രണമോ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി നടപ്പാക്കുന്നതിനുള്ള പരിജ്ഞാനമോ, സാങ്കേതിക മികവോ, മികച്ച മോണിറ്ററിംഗ് സംവിധാനങ്ങളോ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഇല്ലായെന്നു തന്നെ പറയാം. ഇത്തരം പദ്ധതികൾക്കായി ഒറ്റയ്ക്ക് സംവിധാനമുണ്ടാക്കാനുള്ള പ്രാപ്തി നഗരസഭകൾക്കില്ല. അത് വളരെ ചെലവുള്ളതുമാണ്. ഇക്കാരണങ്ങളാൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള പല പദ്ധതികളും പല കാരണങ്ങളാൽ പകുതിവഴിയിലാകുന്നു. (ഉദാ:- സ്ഥലമെടുപ്പ്, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവ). ഒരു പദ്ധതിയും സമയബന്ധിതമായി പൂർത്തിയാകുന്നില്ല. ഇതിലൂടെ ഭീമമായ സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകുന്നുയെന്നുള്ളത് ഒരു വസ്തുതയാണ്.

ഭരണഘടനാ ഭേദഗതിപ്രകാരം മാലിന്യങ്ങൾ നഗരസഭകളുടെ സ്വത്തായാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇത് സംസ്കരിക്കേണ്ടത് പൂർണ്ണമായും നഗരസഭകളുടെ ചുമതലയിലാണ്. ഇക്കാര്യത്തിൽ ഇവർ പരാജയപ്പെട്ടിടത്തൊക്കെ മാലിന്യം വലിയ പ്രശ്നങ്ങളാണുണ്ടാക്കുന്നത്. ഈ സാഹചര്യത്തിലാണ് മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കാൻ സർക്കാർ നിർബന്ധിതമായത്. മാലിന്യ സംസ്കരണത്തിനായി വലിയ കമ്പനികളുമായി പലവട്ടം ചർച്ചകൾ നടന്നു, സി.എൻ.ജി. ബോട്ട്ലിംഗ് പ്ലാന്റ് ഉൾപ്പെടെയുള്ള പദ്ധതികൾക്ക് കരാർ ഒപ്പുവയ്ക്കാൻ തയ്യാറാകുമ്പോൾ കമ്പനികൾ മടങ്ങിപ്പോകുന്ന സാഹചര്യമുണ്ട്. 'Not in my constituency' (NIC syndrom) എന്ന നമ്മുടെ ചിന്താഗതിയാണ് മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കാൻ സാധിക്കാത്തതിന്റെ പ്രധാന കാരണം. ലോകമെമ്പാടും ലാന്റ് ഫില്ലിംഗാണ് വിജയകരമായി നടപ്പാക്കിയ സംസ്കരണ രീതി. ഉപയോഗശൂന്യമായ കരിങ്കൽ ക്വാറികളിലും കളിമൺ ഖനനം ചെയ്ത ഗർത്തങ്ങളും ഇതിനായി ഉപയോഗിക്കാവുന്നതാണ്. മാലിന്യ സംസ്കരണം സഹിഷ്ണുതയോടെയും സഹവർത്തിത്വത്തോടെയും കൈകാര്യം ചെയ്യേണ്ട വിഷയമാണ്. പരസ്പരം പഴിചാരിയും ആരുടെയെങ്കിലും തലയിൽവച്ചുകെട്ടി പരിഹരിക്കാവുന്ന ഒരു വിഷവുമാണെന്ന് ആരും ധരിക്കേണ്ട.

നഗരസഭകളെ ഏൽപ്പിക്കപ്പെട്ട പല റോഡ് വർക്കുകളും തിരിച്ചെടുത്ത് പൊതുമരാമത്ത് വകപ്പാണ് ചെയ്യുന്നത്. റോഡുകൾ പണിയുന്നതിന് നഗരസഭകൾ പൊതുമരാമത്ത് വകപ്പിനെ ആശ്രയിക്കുന്നു. പ്രധാനപ്പെട്ട കുടിവെള്ള പദ്ധതികൾക്ക്, ജലവിഭവ വകുപ്പിനെയാണ് ആശ്രയിക്കുന്നത്. ജനകീയാസൂത്രണം വിജയമാണെങ്കിലും പോരായ്മകളെ അവഗണിക്കാനാവില്ല. ഉദാഹരണത്തിന് മിക്ക നഗരസഭകളിലും കൃഷിയിടങ്ങൾ തീരെ പരിമിതമാണ്. എന്നാൽ കാർഷിക മേഖലയ്ക്ക് വർഷംതോറും വൻതുക നീക്കിവയ്ക്കുകയും ചെയ്യുന്നുണ്ട്. എസ്.സി./ എസ്.ടി. ഫണ്ടുകൾ ആവശ്യമില്ലാത്ത നഗരസഭകൾക്ക് ഈ ഇനത്തിൽ എല്ലാ വർഷവും തുക നീക്കിവെയ്ക്കുന്നു. ഈ ഫണ്ടുകൾ അനിവാര്യമായ മറ്റ് പദ്ധതികളിലേയ്ക്ക് വക മാറ്റി ചെലവഴിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly